CHINTHA PUBLISHERS
TRIVANDRUM



PC Library & Research Centre
CHINTHA WEEKLY
TRIVANDRUM-1
13329

# 1. "തരംഗം" എവിടെ?

"ഇന്ദിരാതരംഗം" എന്ന ഒരു ശൈലിപ്രയോഗം നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. സിൻഡിക്കേററിനെയും ജനസംഘത്തിനെയും പോലുള്ള വലതുപക്ഷപിന്തിരിപ്പൻ ശക്തികൾക്കും, കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി അടക്കമുള്ള "ഇടതുപക്ഷസാഹസി"കന്മാക്കും എതിരായി ധീരതയോടെ പടവെട്ടുന്ന ഇന്ദിരാഗാന്ധി പടിപടിയായി ജനങ്ങളുടെയിടയിലേക്ക് ആണ്ടിറങ്ങിച്ചെല്ലുകയാണെന്നും, അങ്ങിനെ അപ്രതിരോധ്യമായ ഒരു രാഷ്ട്രീയശക്തി ഉദയംചെയ്യുകയാണെന്നും വാദിക്കുന്നവരാണ് ഈ ശൈലിപ്രയോഗത്തിന്ന് ജന്മം നൽകിയിട്ടുള്ളതു്.

1971 മാർച്ചിൽ പാർലമെൻറിലേക്കു നടന്ന ഇടക്കാലതെരഞ്ഞെടുപ്പിൽ 67 ശതമാനവും, ഈയിടെ നടന്ന സംസ്ഥാനനിയമസഭാതെരഞ്ഞെടുപ്പിൽ 70 ശതമാനവും സീററു കരസ്ഥമാക്കി 1967നു മുമ്പെന്നപോലെ കോൺഗ്രസിൻേറ ഏകകക്ഷാധിപത്യം സ്ഥാപി

ക്കാൻ കഴിഞ്ഞതു് ഈ ''തരംഗ''വാദക്കാക്കു് ഒരു തഞ്ചമായി കിട്ടി. 1969-70 കാലത്തു ആഭ്യന്തരനയം സംബന്ധിച്ചെടുത്ത ''പുരോഗമന നടപടി''കഠ 1971ലെ ലോകസഭാതെരഞ്ഞെടുപ്പിലും ആ തെരഞ്ഞെടുപ്പിന്നുശേഷം പൊട്ടിപ്പുറപ്പെട്ട ബംഗ്ലാദേശ് പ്രതിസന്ധി, ഇന്ത്യാ-പാക്കിസ്ഥാൻ യുദ്ധം എന്നിവ ഈയിടത്തെ തെരഞ്ഞെടുപ്പിലും പ്രതിഫലിച്ചിട്ടുണ്ടെന്നും അതുകൊണ്ടാണ' 1967നെക്കാഠ കൂടുതൽ സീററ് 1971ലും അന്നത്തെക്കാഠ കൂടുതൽ സീററ് ഇപ്പോഴും കിട്ടിയതെന്നുമാണ് അവരുടെ വാദം.

കിട്ടിയ സീററുകഠ മാത്രം നോക്കി ഒരു പാർട്ടിയുടെ ശക്തിയും ദൗർബ്ബല്യവും അളന്നുനോക്കുകയാണെങ്കിൽ കേരളത്തിൽ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയോളം തന്നെ ശക്തിയുള്ളൊരു പാർട്ടിയാണ് ആർ. എസ്. പി. എന്നു പറയേണ്ടിവരും. കഴിഞ്ഞ ലോകസഭാതെരഞ്ഞെടുപ്പിൽ ഈരണ്ടു സ്ഥാനാർത്ഥികളെ വീതമാണ് ഇരുപാർട്ടികഠക്കും ജയിപ്പിക്കാൻ കഴിഞ്ഞതു്. അതേ തെരഞ്ഞെടുപ്പിൽ മൂന്നു സീററുകഠ കരസ്ഥമാക്കിയ വലതുകമ്യൂണിസ്റ്റ് പാർട്ടിയുടെ ശക്തി കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെതിനെക്കാഠ 50 ശതമാനം കൂടുതലുണ്ടെന്നും പറയേണ്ടിവരും. എന്നാൽ, ആർ. എസ്. പി.യോ വലതുകമ്യൂണിസ്റ്റ് പാർട്ടിയോ സ്വന്തമായി മത്സരിച്ചാൽ ഒരൊററ അസംബ്ലി നിയോജകമണ്ഡലത്തിലെങ്കിലും കെട്ടിവെച്ച കാശു നിലനിത്താൻപോലും അവക്കു കഴിയുകയില്ലെന്നു ആക്കാണറിഞ്ഞുകൂടാത്തതു്?

നേടിയെടുത്ത സീററുപോലെതന്നെ—ഒരു പക്ഷേ അതിലധികം—പ്രാധാന്യമുള്ള മറെറാരു ഘടകമുണ്ടു്: അതാണ് ഓരോ പാർട്ടിക്കും കിട്ടിയ വോട്ടു്; അതു് മൊത്തവോട്ടിൻെറ എത്ര ശതമാനമാണെന്ന കാര്യം. ഇതിൽ വരുന്ന മാററങ്ങളാണു ഓരോ പാർട്ടിക്കുമുള്ള ജനസ്വാധീനത്തിൻെറ തോതളക്കാൻ പ്രയോജനപ്പെടുക. വോട്ടും സീററും രണ്ടുമെടുത്തു താരതമ്യപ്പെടുത്തുമ്പോഴാകട്ടെ, ഇന്നത്തെ തെരഞ്ഞെടുപ്പുവ്യവസ്ഥയുടെ അശാസ്ത്രീയത ബോധ്യപ്പെടുകയും ചെയ്യും.

എപ്രിൽ 8-ാംതീയതി പ്രസിദ്ധീകരിക്കപ്പെട്ട കണക്കുകളനുസരിച്ച കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കു മൊത്തം വോട്ടിൻെറ 4.31 ശതമാനം കിട്ടിയപ്പോഠ പാർട്ടി നേടിയ സീററിൻെറ എണ്ണം 34 ആണ്. വലതുകമ്യൂണിസ്റ്റ് പാർട്ടിക്കാകട്ടെ, കിട്ടിയ വോട്ട് മാർക്സിസ്റ്റ് വോട്ടിനെക്കാഠ കുറവാണ്—3.57 ശതമാനം. സീററോ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കുകിട്ടിയ 34-ൻെറ മൂന്നിരട്ടി–102ഉം 10ഉം കൂടിയ 112 ആണ്.

സോഷ്യലിസ്റ്റുകാക്കുപോലും 2.54 ശതമാനം വോട്ടുകിട്ടിയപ്പോഠ 58 സീററുകിട്ടി—മാർക്സിസ്റ്റ് പാർട്ടിക്കു് കിട്ടിയ സീററി

ൻെറ ഇരട്ടിയിൽ കൂടുതൽ സീററുനേടിയ അവക്ക്° കിട്ടിയ വോട്ട്° മാർക്സിസ്റ്റ്°പാർട്ടിക്ക്° കിട്ടിയതിൻെറ പകുതിയെക്കാൾ സ്വല്പംമാത്രമെ കൂടുതലുള്ളു.

ഭരണകോൺഗ്രസ്സിന്നു 44.64 ശതമാനം വോട്ടും 71 ശതമാനം സീററും കിട്ടിയപ്പോൾ സംഘടനാകോൺഗ്രസ്സിന്നു 4½ ശതമാനം വോട്ടും മൂന്നു ശതമാനത്തോളം സീററുമാണ്° കിട്ടിയതു്°.

1952 മുതൽ നടന്ന എല്ലാ തെരഞ്ഞെടുപ്പുകളിലും പ്രകടമായ ഈ വൈപരീത്യങ്ങൾ കണക്കിലെടുത്തിട്ടാണ്° ഇടതുപക്ഷജനാധിപത്യപാർട്ടികൾ ആനുപാതികപ്രാതിനിധ്യത്തിനുവേണ്ടി വാദിക്കുന്നതു്°.

അതിരിക്കട്ടെ; ഇന്ദിരാ''തരംഗം'' വോട്ടിൽ പ്രതിഫലിച്ചതെങ്ങിനെയെന്നറിയണമെങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിലാണ്° ഈ ''തരംഗം'' പ്രകടമായിട്ടുള്ളതെന്നു° പരിശോധിക്കണം. ഏററവും അധികം സീററുകിട്ടിയ ചില സംസ്ഥാനങ്ങളിൽ കോൺഗ്രസ്സിനുകിട്ടിയ വോട്ടുകളുടെ ശതമാനത്തിൽ എന്തെന്തു മാററങ്ങൾ 1971-നും '72-നുമിടക്ക്° നടന്നിട്ടുണ്ടെന്നു നോക്കണം.

ആന്ധ്ര, മൈസൂർ, മഹാരാഷ്ട്ര, ആസ്സാം, ബംഗാൾ എന്നീ സംസ്ഥാനങ്ങൾ മാത്രം എടുത്തു നമുക്കൊന്നുപരിശോധിച്ചുനോക്കാം. ഈ സംസ്ഥാനങ്ങളിലെല്ലാം ബഹുഭൂരിപക്ഷം സീററു° കോൺഗ്രസ്° നേടുകയുണ്ടായി. പക്ഷെ, വോട്ടിൻെറ സ്ഥിതിയെന്താണ്°?

ആന്ധ്°റയിൽ 1971-ൽ മൊത്തംവോട്ടിൻെറ 55 ശതമാനം കോൺഗ്രസ്സിന്നാണ്° കിട്ടിയതു്°. 1972 ആയപ്പോഴേക്ക്° അത്° 52 ശതമാനമായി കുറഞ്ഞു.

മഹാരാഷ്ട്രയിൽ ആന്ധ്°റയിലേതിനെക്കാൾ തീവ്രമായ വീഴ്ചയാണ്° കോൺഗ്രസ്സിൻെറ വോട്ടിൽ വന്നിട്ടുള്ളതു്°. 1971-ൽ 63.8 ശതമാനം വോട്ടുകിട്ടി. ഇപ്പോഴാകട്ടെ, 56.32 ശതമാനമേയുള്ളു.

മൈസൂരിൽ 1971-ലെ തെരഞ്ഞെടുപ്പിൽ 100 ശതമാനം സീററു° നേടാൻ കോൺഗ്രസിനു കഴിഞ്ഞു. പക്ഷേ, അന്നു രേഖപ്പെടുത്തപ്പെട്ട മൊത്തം വോട്ടിൻെറ 71 ശതമാനമാണ്° കോൺഗ്രസിന്നു കിട്ടിയതു്°. ഇപ്പോഴാകട്ടെ, 53.6 ശതമാനം വോട്ടേയുള്ളു. 1971-ൽ മഹാരാഷ്ട്രയുടെതിനേക്കാൾ 7 ശതമാനം കൂടുതൽ വോട്ടുനേടിയ കോൺഗ്രസ്° ഇപ്പോൾ മഹാരാഷ്ട്രയുടേതിനേക്കാൾ മൂന്നു ശതമാനം കുറഞ്ഞ ശതമാനത്തിലാണെന്നർത്ഥം.

ആസ്സാമിൽ 1971-ൽ 57 ശതമാനം വോട്ടുകിട്ടിയ കോൺഗ്രസ്സിന്നു ഇത്തവണ 53 ശതമാനമാണ്° കിട്ടിയതു്°.

കോൺഗ്രസ്സിൻെറ ശക്തിദുർഗങ്ങളെന്നു കരുതപ്പെടുന്ന സംസ്ഥാനങ്ങളാണിവ. അവിടെയെല്ലാം വോട്ടുകുറക്കാനാണ്° ''തരംഗം'' പ്രയോജനപ്പെട്ടതെന്നു° വ്യക്തമാണല്ലൊ.

ഇതുപോലുള്ള കണക്കുകൾ എല്ലാ സംസ്ഥാനങ്ങളെയും സംബന്ധിച്ച് ഇതെഴുതുമ്പോൾ എൻെറപക്കലില്ല. കിട്ടിയേടത്തോളം കണക്കനുസരിച്ച് കോൺഗ്രസ്സിൻെറ ശക്തിദുർഗങ്ങളെന്നു പറയപ്പെട്ടിരുന്നേടത്തെല്ലാം ''തരംഗ''ത്തെത്തുടർന്നു വോട്ടു കൂടുകയല്ല കുറയുകയാണ് ചെയ്തിട്ടുള്ളതു്. എന്നാൽ, കോൺഗ്രസ്സിൻെറ ദൗർബ്ബല്യവും മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള പ്രതിപക്ഷത്തിൻെറ ശക്തിയും പരക്കെ അംഗീകരിക്കപ്പെട്ട ബംഗാളിൽ സ്ഥിതി മറിച്ചാണ്. കോൺഗ്രസ്സിൻെറ ശക്തിദുർഗങ്ങളിൽ 10-ഉം 15-ഉം ശതമാനംവരെ വോട്ടുകുറഞ്ഞപ്പോൾ ബംഗാളിലെ കോൺഗ്രസ്സിൻെറ വോട്ട് 1971ൽ 27.3 ശതമാനവും 1972ൽ 49.4 ശതമാനവും ആണ്. ഇരട്ടിയോടടുത്തുള്ള വർദ്ധനവുണ്ടായിട്ടുണ്ടെന്നർത്ഥം.

സാധാരണഗതിയിൽ ''അത്ഭുതകര''മെന്നു വിളിക്കേണ്ട ഈ പ്രതിഭാസം എങ്ങിനെയുണ്ടായി എന്ന് അടുത്ത അധ്യായത്തിൽ വിവരിക്കുന്നുണ്ട്. എന്നാൽ, ബംഗാളിൽതന്നെ ചിലേടങ്ങളിൽ കോൺഗ്രസ്സിൻെറ വോട്ടു കുറയുകയും ഇടതുപക്ഷമുന്നണിയുടെതു കൂടുകയും ചെയ്തിട്ടുണ്ട്; മററുചിലവയിൽ ഇടതുപക്ഷമുന്നണിയുടെ വോട്ട് അവിശ്വസനീയമാംവിധം കുറയുകയും കോൺഗ്രസ്സമുന്നണിയുടെതു അത്രതന്നെ അവിശ്വസനീയമായി കൂടുകയും ചെയ്തിട്ടുണ്ട്; ഇതിലാദ്യത്തെ ഇനത്തിൽ കോൺഗ്രസ്സിൻെറ പ്രധാനശക്തിദുർഗങ്ങളാണ് ഉൾപ്പെടുന്നതു്; രണ്ടാമത്തേതിൽ ഇടതുപക്ഷമുന്നണിയുടെ സ്വാധീനകേന്ദ്രങ്ങളും—ഇത്രയും പരമാർത്ഥങ്ങൾ ഇവിടെത്തന്നെ എടുത്തുപറയേണ്ടിയിരിക്കുന്നു.

ഉദാഹരണത്തിന്ന്, കോൺഗ്രസ്, ബംഗ്ലാകോൺഗ്രസ്സ്, വലതുകമ്യൂണിസ്റ്റ്പാർട്ടി എന്നീ മൂന്നു സഖ്യകക്ഷികളുടെയും ശക്തികേന്ദ്രമാണ് മിഡ്നാപൂർ. ഈ മൂന്നു കക്ഷികൾക്കുംകൂടി കിട്ടിയ വോട്ടിൻെറ പകുതിയിൽ കുറച്ചുമാത്രം—ചിലേടങ്ങളിൽ നാലിലൊന്നുവരെ—വോട്ടാണ് ഈ ജില്ലയിലെ പല നിയോജകമണ്ഡലങ്ങളിലും ഇടതുപക്ഷമുന്നണിക്ക് 1971-ൽ കിട്ടിയതു്. എന്നാൽ അവിടങ്ങളിലെല്ലാംതന്നെ 1972-ൽ ഇടതുപക്ഷ മുന്നണിയുടെ വോട്ട് കൂടുകയും കോൺഗ്രസ്മുന്നണിയുടേതു് കുറയുകയുംചെയ്തു. (എങ്കിലും കോൺഗ്രസ് മുന്നണിയുടെ സ്ഥാനാർത്ഥി വിജയിച്ചു. അത്രയേറെ അന്തരം അവർ തമ്മിലുണ്ട്) ഇതിൽ ചില നിയോജകമണ്ഡലങ്ങൾ സംബന്ധിച്ച വിവരങ്ങളാണ് താഴെ കൊടുക്കുന്നതു്.

കെഷിയാരി നിയോജകമണ്ഡലത്തിൽ കോൺഗ്രസ് മുന്നണിയുടെ വോട്ട് 1971ൽ 27,326ഉം 1972-ൽ 22,697ഉമാണ്. 5000-ത്തോളം വോട്ട് കുറഞ്ഞുവെന്നർത്ഥം. ഇടതുപക്ഷ മുന്നണിയുടെതാകട്ടെ, 13,543-ൽനിന്ന് 17,657 ആയി വർദ്ധിച്ചു.

നാരാൺഗർ നിയോജകമണ്ഡലത്തിൽ 1971-ൽ 43,000-ത്തോളം വോട്ടുകിട്ടിയ കോൺഗ്രസ് മുന്നണിക്ക് ഇപ്പോൾ കിട്ടിയതു്

33,000-ത്തോളം വോട്ടാണ്. 10,000-ത്തോളം വോട്ട് കുറഞ്ഞുവെന്നർത്ഥം. ഇടതുപക്ഷ മുന്നണിയുടെതാകട്ടെ, 4,600-ൽനിന്ന 11,000-മായി വർദ്ധിക്കുകയാണ് ചെയ്തതു്.

ഖരഗ്പൂർ ലോക്കൽ നിയോജകമണ്ഡലത്തിൽ കോൺഗ്രസ് മുന്നണിയുടെ വോട്ടിൽ 11,000-ത്തോളം കുറവുവന്നപ്പോൾ ഇടതുപക്ഷമുന്നണിയുടെതിൽ 7,000-ത്തോളം വർദ്ധനവാണ് വന്നതു്.

ഇതുപോലെ മിഡ്നാപൂർ ജില്ലയിൽ മററു 11 നിയോജകമണ്ഡലങ്ങളുടെയും, മററു വിവിധ ജില്ലകളിലായി 32 നിയോജകമണ്ഡലങ്ങളുടെയും ഒരു ലിസ്റ്റ് എൻെറ മുമ്പിലുണ്ടു്. അതിലോരോന്നിലും കോൺഗ്രസ് മുന്നണിയുടെ വോട്ട് കാര്യമായ തോതിൽ കുറയുകയും, ഇടതുപക്ഷമുന്നണിയുടെതു് കാര്യമായി വർദ്ധിക്കുകയും ചെയ്തിട്ടും ഇടതുപക്ഷമുന്നണി പരാജയപ്പെട്ടിരിക്കയാണ്.

നേരെമറിച്ച്, 'ഇന്ദിരാ തരംഗം' പൂർണ്ണമായും പ്രവർത്തിച്ചിട്ടുള്ള 52 നിയോജകമണ്ഡലങ്ങളുടെ മറെറാരു ലിസ്റ്റും എൻെറ മുമ്പിലുണ്ടു്. അതിലേററവും അത്ഭുതകരമായി തോന്നുന്നതാണ് ബർദ്വാൻ ജില്ലയിലെ കൽനാ നിയോജകമണ്ഡലം—സഖാവ് ഹരേകൃഷ്ണ കോനാർ വൻതോതിൽ സദാ വിജയിക്കാറുള്ള മണ്ഡലം. അവിടെ കോൺഗ്രസ്സ് മുന്നണിയുടെ വോട്ട് 24,930ൽനിന്നു് 62,336 ആയി വർദ്ധിച്ചു. ഇടതുപക്ഷ മുന്നണിയുടെതാകട്ടെ, 31,890ൽനിന്നു് 929ആയി ചുരുങ്ങി! ഈ തോതിലിലെങ്കിലും ഇന്ത്യയിൽ മറെറവിടെയുമില്ലാത്തത്ര വൻതോതിൽ കോൺഗ്രസ്സ് മുന്നണിയുടെ വോട്ട് വർദ്ധിക്കുകയും, ഇടതുപക്ഷ മുന്നണിയുടെതു് കുറയുകയും ചെയ്തതാണ് ഈ ലിസ്റ്റിലെ മററ് 51 നിയോജക മണ്ഡലങ്ങളും. സ: ജ്യോതിബാസുവിൻെറ മണ്ഡലത്തിൽ അദ്ദേഹത്തിൻെറ വോട്ട് 13,000 കുറഞ്ഞപ്പോൾ എതിരാളിയുടെതു് 37,000വർദ്ധിക്കുകയാണ് ചെയ്തതു്!

ഈ 52നുപുറമെ മറെറാരു 87 മണ്ഡലങ്ങളുടെ ലിസ്റ്റും എൻെറ മുമ്പിലുണ്ടു്. അവ രണ്ടും തമ്മിൽ ഒരു കാര്യത്തിൽ ഐകരൂപ്യമുണ്ടു്. ഇടതുപക്ഷ മുന്നണിയുടെ സ്വാധീന കേന്ദ്രങ്ങളിൽ ആ മുന്നണിയുടെ വോട്ട് ഗണ്യമായ തോതിൽ കുറയുകയും കോൺഗ്രസ് മുന്നണിയുടേതു് ഗണ്യമായി വർദ്ധിക്കുകയുമാണ് ഈ രണ്ടു ലിസ്റ്റിലും പെട്ട മണ്ഡലങ്ങളിൽ നടന്നിട്ടുള്ളതു്. കോൺഗ്രസ് മുന്നണിയുടെ ശക്തിദുർഗ്ഗങ്ങളിൽ നടന്നതിന്നു് കടകവിരുദ്ധമായി ഈ മണ്ഡലങ്ങളിൽ ഇതു് സംഭവിക്കാനുണ്ടായ കാരണങ്ങൾ വ്യത്യാസപ്പെട്ടതാകയാലാണ് ഈ ലിസ്റ്റ് രണ്ടാക്കിയിട്ടുള്ളതു്. അതു് സംബന്ധിച്ച് കൂടുതൽ വിശദമായി അടുത്ത അധ്യായത്തിൽ പരിശോധിക്കുന്നുണ്ടു്. ഇവിടെ ഊന്നിപ്പറയാനാഗ്രഹിക്കുന്നതു് ഇതു് മാത്രമാണ്:

എ. കോൺഗ്രസിൻെറ ശക്തിദുർഗ്ഗങ്ങളായ മററുസംസ്ഥാനങ്ങളിലെന്നപോലെതന്നെ ബങ്കാളിലെ കോൺഗ്രസ് മുന്നണിയുടെ

ശക്തിദുർഗ്ഗങ്ങളിലും കോൺഗ്രസിൻെറയും സഖ്യകക്ഷികളുടെയും വോട്ട് കറയുകയാണ് ചെയ്തിട്ടുള്ളതു്. മററു സംസ്ഥാനങ്ങളിൽ നിന്നു വ്യത്യസ്തമായി, ബംഗാളിലെ കോൺഗ്രസ് മുന്നണിക്ക് പററിയനഷ്ടം മററു ബൂർഷ്വാപാർട്ടികളെയല്ല, മാർക്സിസ്റ്റ് നേതൃത്വത്തിലുള്ള മുന്നണിയെയാണ് ഇവിടെ സഹായിച്ചതു്.

ബി. സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ കമ്യൂണിസ്റ്റ്(മാർക്സിസ്റ്റ്) പാർട്ടിയുടെ സ്വാധീനകേന്ദ്രമായ ബംഗാളിൽ ആണ് കോൺഗ്രസിൻെറ വോട്ട് ഏററവുമധികം വർദ്ധിച്ചതെന്നതുപോലെതന്നെ ബംഗാളിൽ ഇടതുപക്ഷമുന്നണിയുടെ ശക്തികേന്ദ്രങ്ങളിലാണ് അത്ഭുതകരമായ നേട്ടം കോൺഗ്രസിന്നുണ്ടായതു്.

''ഇന്ദിരാതരംഗ''വാദക്കാർ അവകാശപ്പെടുന്നതുപോലെ രാഷ്ട്രീയകാരണങ്ങളാൽ കോൺഗ്രസിൻെറ ജനസ്വാധീനം വദ്ധിക്കുകയാണ് ചെയ്തിട്ടുള്ളതെങ്കിൽ ഇങ്ങിനെവരാൻ നിവൃത്തിയില്ല. ബംഗാളിലെ കോൺഗ്രസ് സ്വാധീനജില്ലകളിലും മററു കോൺഗ്രസ് സ്വാധീനസംസ്ഥാനങ്ങളിലും കോൺഗ്രസിന്നെതിരായി നീങ്ങുന്ന ''തരംഗം'' ബംഗാളിലെ മാർക്സിസ്റ്റ് സ്വാധീനകേന്ദ്രങ്ങളിൽ കോൺഗ്രസ്സിന്നനുകൂലമായി നീങ്ങിയെന്നതിൽനിന്നു് ഒരൊററ അനുമാനത്തിലേ നമുക്ക് ചെന്നെത്താൻ കഴിയൂ: രാഷ്ട്രീയമായി കോൺഗ്രസിൻെറ ജനസ്വാധീനം വദ്ധിച്ചുവെന്നതല്ലാത്ത മറെറാരത്ഥത്തിലാണ് ഈ ''തരംഗം'' പ്രവത്തിച്ചിട്ടുള്ളതു്.

# 2. 1959-മുതൽ 1972-വരെ

"ഇന്ദിരാ തരംഗ"മെന്നു പറയപ്പെടുന്ന പ്രതിഭാസം 1970കളുടെ സൃഷ്ടിയല്ല. 1959ഓളം നീണ്ടുനിൽക്കുന്ന ഒരു ഭൂതകാലചരിത്രമുണ്ടതിന്നു്.

കോൺഗ്രസ്സ് പ്രതിനിധാനംചെയ്യുന്ന ബൂർഷ്വാ-ജന്മി വർഗങ്ങളുടെതായ രാഷ്ട്രീയത്തിന്നും ഭരണസംവിധാനത്തിന്നും വന്ന ആദ്യത്തെ ഭീഷണി, കേരളത്തിലുയന്നുവന്ന കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ട്, നിലവിൽ വന്നകാലഘട്ടമാണല്ലൊ 1957-'59. ആ ഗവമ്മെണ്ടിന്റെ നേതൃത്വത്തിൽ നടപ്പിലാവാൻ തുടങ്ങിയ ഭൂനിയമപരിഷ്കാരം, തൊഴിലാളി-കർഷകാദി ബഹുജനപ്രസ്ഥാനങ്ങൾക്കെതിരായി ഉപയോഗിക്കപ്പെട്ടിരുന്ന പോലീസ്സൈന്യത്തിന്റെ പുതിയൊരു രീതി, അതുമൂലം ബഹുജനസമരങ്ങൾക്കു പ്രോത്സാഹനവും പ്രചോദനവും കിട്ടിയതു്, 'വിദ്യാലയങ്ങളെ കച്ചവടോപകരണമാക്കിമാറ്റി ലാഭമടിക്കുന്ന മാനേജ്മെന്റുകളുടെ അധികാരം നിയന്ത്രിക്കുന്ന വിദ്യാഭ്യാസനിയമം—ഇതെല്ലാം നിക്ഷിപ്തതാൽപര്യക്കാരെ ക്ഷുഭിതരും ക്രുദ്ധരുമാക്കി. അവരുടെ പ്രാതിനിധ്യംവഹിച്ചിരുന്ന ബൂർഷ്വാ പെറ്റി ബൂർഷ്വാ രാഷ്ട്രീയപാർട്ടികളെല്ലാം കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ അണിനിരന്നു. ഇതിന്റെ ഭാഗമായി നടന്ന സംഭവപരമ്പര

കളുടെ പരിണാമം എന്ന നിലക്ക് 1959 ജൂൺമാസത്തിൽ കുപ്രസിദ്ധമായ ''വിമോചനസമരം'' ഉത്ഘാടനം ചെയ്യപ്പെട്ടു.

''ഇന്ദിരാ തരംഗ''ത്തിന്റെ തുടക്കമൊണതെന്നു പറയാൻ മടിക്കേണ്ടതില്ല. ആ ''വിമോചനസമര''ത്തിന്റെ പ്രധാന സംഘാടകയും നേതാവും ആയിരുന്നതു് അന്നത്തെ കോൺഗ്രസ്സുപ്രസിഡണ്ടും ഇന്നത്തെ പ്രധാനമന്ത്രിയുമായ ഇന്ദിരാഗാന്ധിയാണെന്നതു മാത്രമല്ല അതിനു കാരണം. കമ്യൂണിസ്റ്റ്നേതൃത്വത്തിലുള്ള ആദ്യത്തെ കോൺഗ്രസ്സിതരഗവമ്മെണ്ടിനെതിരായി ഇന്ദിരാഗാന്ധിയുടെനേതൃത്വത്തിൽ നടന്ന ആ 'വിമോചനസമരത്തിൽ' പങ്കാളികളായിരുന്നവർ നടത്തിയ വികൃതപേക്കൂത്തുകളുടെ ഏററവും ''ഉയന്ന'' രൂപമാണ് ഇപ്പോൾ പശ്ചിമബംഗാളിൽ നടന്നതു്. അന്നത്തെ 'വിമോചനസമര'ത്തിൽ നിന്നു ഉടലെടുത്ത കെ. എസ്. യു.വിന്റെയും യൂത്തുകോൺഗ്രസ്സിന്റെയും ''വളർച്ചയെത്തിയ'' രൂപമാണ് ഇന്നത്തെ ഛത്രപരിഷത്തും യുവകോൺഗ്രസ്സും.

അന്നത്തെ ''വിമോചനസമര''ത്തിൽനിന്നു ഇന്നത്തെ ''ഇന്ദിരാതരംഗം''വരെ കാര്യങ്ങൾകൊണ്ടെത്തിച്ച സംഭവഗതികൾ ചുരുക്കത്തിൽ ഇങ്ങിനെ സംഗ്രഹിക്കാം:

1. ''വിമോചനസമര''വും അതിനെതുടന്നുനടന്ന ഇടക്കാലതെരഞ്ഞെടുപ്പുംമൂലം അധികാരഭ്രഷ്ടമാക്കപ്പെട്ട കമ്യൂണിസ്റ്റ്പാർട്ടി ''ജനങ്ങളിൽനിന്നൊററപ്പെട്ട്'' തകന്നുനശിക്കുമെന്നാണ് നിക്ഷിപ്തതാല്പര്യക്കാർ പ്രതീക്ഷിച്ചതു്. പക്ഷെ, കമ്യൂണിസ്റ്റ്പാർട്ടിയോ, അതിന്റെ നേതൃത്വത്തിൽ വളന്നുവരുന്ന ഇടതുപക്ഷജനാധിപത്യപ്രസ്ഥാനമോ തകർന്നില്ല. നേരെമറിച്ച്, അതു കൂടുതൽ ശക്തിപ്പെട്ടുവരുകയാണുണ്ടായതു്. അതിന്റെ അടിയേററ് 1967ൽ നാലാം പൊതുതെരഞ്ഞെടുപ്പ് നടന്നപ്പോഴേക്കും കോൺഗ്രസ്സിന്റെ അധികാരക്കുത്തക തകർന്നു. കേരളത്തിലും ബംഗാളിലും കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കും, ബിഹാറിൽ സോഷ്യലിസ്റ്റ്പാർട്ടിക്കും സജീവപങ്കുള്ള കോൺഗ്രസ്സിതരഗവമ്മെണ്ടുകൾ നിലവിൽ വന്നു. അങ്ങിനെ 1959ൽ കേരളത്തിലെ ജനാധിപത്യപ്രതിപക്ഷത്തിന്റെ നേരെ കോൺഗ്രസ്സ് നടത്തിയ ആക്രമണത്തിന്നു് 1967ൽ കേരളത്തിലും ബംഗാളിലും ബിഹാറിലും മററുമുള്ള ജനങ്ങൾ പകരംവീട്ടി!

2. ഈ സാഹചര്യത്തിൽ 1959-ൽ ''വിമോചനസമരം'' മുഖേന സാധിച്ച അതേ കാര്യം സാധിക്കുന്നതിന്നു് മററു മാർഗങ്ങൾ കോൺഗ്രസ്സിന്നു് ആരായേണ്ടിവന്നു. എന്തുകൊണ്ടെന്നാൽ 1959-ൽ ചെയ്തതുപോലെ, തങ്ങൾക്കുപിന്നിൽ ജനങ്ങളെ അണിനിരത്തി കോൺഗ്രസ്സിതരഗവമ്മെണ്ടുകളെ മറിച്ചിടാൻ 1967-ൽ സാ

ത്യതയില്ല. 1959നുശേഷം എട്ടു കൊല്ലം നീണ്ടുനിന്ന കോൺഗ്രസ് ഭരണത്തിൻകീഴിൽ ജനങ്ങൾക്കനുഭവിക്കേണ്ടിവന്ന ദുരിതവും കഷ്ടപ്പാടും ജനങ്ങളെ മറെറാരു "വിമോചനസമര"ത്തിൽനിന്നു പിൻതിരിപ്പിച്ചു. പോരെങ്കിൽ കോൺഗ്രസ്സിതരഗവമ്മെണ്ടിൻെറ തോളിലിരുന്നു ചെവിതിന്നുന്ന വലതു കമ്യൂണിസ്റ്റ് പാർട്ടിയെപ്പോലുള്ള വർഗവഞ്ചകർ കോൺഗ്രസ്സിൻെറ വിശ്വസ്തസേവകരായി പ്രവത്തിക്കാൻ തയ്യാറുണ്ടുതാനും. ആ സ്ഥിതിക്ക് കോൺഗ്രസ്സിതരമുന്നണിക്കകത്തുതന്നെ മുന്നണിയെ പിളക്കുന്ന ഗ്രൂപ്പുകളെയും വ്യക്തികളെയും സൃഷ്ടിച്ചു വളത്താനും, അവരെ ഉപയോഗിച്ചു കോൺഗ്രസ്സിതരഗവമ്മെണ്ടുകളെ മറിച്ചിടാനും ശ്രമിക്കാമെന്നു കോൺഗ്രസ്സിന്നുബോധ്യം വന്നു. ഈ തന്ത്രമുപയോഗിച്ചു മിക്ക സംസ്ഥാനങ്ങളിലും മറിച്ചിടൽ പ്രക്രിയ വിദഗ്ധമായി ആസൂത്രണം ചെയ്യപ്പെട്ടു. ഒന്നിനുമീതെ മറെറാന്നായി കോൺഗ്രസ്സിതരഗവമ്മെണ്ടുകൾ നിലംപതിച്ചു. അവയിൽവെച്ചേററവും കൂടുതൽ ശക്തിയുള്ളതും നിക്ഷിപ്തതാല്പര്യക്കാക്ക് ഏററവും വലിയ പേടിസ്വപ്നവുമായ കേരള-ബംഗാൾ ഗവമ്മെണ്ടുകൾ 1969 ഒക്ടോബറിലും 1970 മാർച്ചിലുമായി സ്ഥാനഭ്രഷ്ടമായി.

3. 1959-ൽ കേരളത്തിൽ എന്നപോലെ ഇപ്പോൾ കേരളത്തിലും ബംഗാളിലും നിക്ഷിപ്തതാല്പര്യക്കാരുടെ കണക്കുകൂട്ടൽ പൊളിഞ്ഞു. അന്നു അധികാരഭ്രഷ്ടമാക്കപ്പെട്ട അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയെന്നപോലെ ഇപ്പോൾ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയും ജനങ്ങളിൽനിന്നു "ഒററപ്പെട്ടു" തകരുകയല്ല ചെയ്തതു്. പിന്നെയോ? ജനങ്ങളുടെ ഇടയിലേക്ക് കൂടുതൽ ആണ്ടിറങ്ങി ചെന്നു്, അവരുടെ പ്രക്ഷോഭസമരങ്ങൾ കൂടുതൽ സമത്ഥമായി നയിച്ചു ബഹുജന പ്രസ്ഥാനത്തെ വളത്തി ശക്തിപ്പെടുത്തുകയും സ്വയം വളരുകയുമാണു്. 1970-ൽ നടന്ന ഏതാനും ഉപതെരഞ്ഞെടുപ്പുകളും കേരളത്തിലെ ഇടക്കാലതെരഞ്ഞെടുപ്പും ഈ വസ്തുത തെളിയിച്ചു. 1971 മാർച്ചിൽ നടന്ന പാർലമെൻററ് തെരഞ്ഞെടുപ്പിൻെറ ഫലവും ഇതു തന്നെയാണ് തെളിയിച്ചതു്.

4. ഈ സാഹചര്യത്തിലാണ് 1972-ൽ നിയമസഭാതെരഞ്ഞെടുപ്പുകൾ നടന്നതു്. അതുകൊണ്ടു മററു സംസ്ഥാനങ്ങളുടെ കൂട്ടത്തിൽ ബംഗാളിലും തെരഞ്ഞെടുപ്പു നടത്തുന്ന കാര്യം ഞെട്ടലോടെ മാത്രമെ കോൺഗ്രസ്സിന്നോക്കാൻ കഴിഞ്ഞുള്ളു. ബംഗ്ലാദേശിൽനിന്നു വന്ന അഭയാത്ഥികളുടെയും മററും പേർ പറഞ്ഞു് വോട്ടർമാരുടെ ലിസ്റ്റ് ശരിപ്പെടുത്താൻ കഴിഞ്ഞിട്ടില്ലെന്നു് തെരഞ്ഞെടുപ്പുകമീഷനെക്കൊണ്ടു് പറയിച്ചു. എന്നാൽ ബംഗാളിൽ തെരഞ്ഞെടുപ്പ് നടത്താതിരിക്കുകയെന്ന കാര്യം ഓക്കാൻപോലും അവിടത്തെ കോൺഗ്രസ്സുകാർ തെയ്യാറില്ലായിരുന്നു. അവരുടെ സമ്മർദ്ദംമൂലം ബംഗാളിലും തെരഞ്ഞെടുപ്പു നടത്തണമെന്നു് പ്രധാനമന്ത്രി തീരുമാനിച്ചു

പ്പോൾ വോട്ടർമാരുടെ ലിസ്റ്റ് ശരിപ്പെട്ടതായി തെരഞ്ഞെടുപ്പുകമീഷനെക്കൊണ്ടുതന്നെ പറയിപ്പിച്ചു. ഇതേതുടൻ് ബംഗാളിലും തെരഞ്ഞെടുപ്പു നടത്താനുള്ള തീരുമാനമെടുത്തു.

5. ഈ ഘട്ടത്തിൽ അങ്ങേയററത്തെ ശുഭപ്രതീക്ഷയോടെയാണ് കോൺഗ്രസ് ബംഗാളിലെ തെരഞ്ഞെടുപ്പിനെകണ്ടതു്. ഭൂരിപക്ഷംകിട്ടി ഭരണം കയ്യടക്കുമെന്നും മുഖ്യമന്ത്രിസ്ഥാനത്തേക്ക് കേന്ദ്രമന്ത്രി സിദ്ധാർത്ഥറേയെ വിട്ടുകൊടുക്കുന്നുവെന്നും കേന്ദ്രകോൺഗ്രസ്നേതൃത്വം പ്രഖ്യാപിച്ചു. പക്ഷെ, തെരഞ്ഞെടുപ്പുപ്രവർത്തനം കുറെനടക്കുകയും ജനങ്ങളുടെ വികാരങ്ങൾ മനസ്സിലാക്കാൻ കഴിയുകയും ചെയ്യുതോടെ ഈ ശുഭപ്രതീക്ഷ തകരാൻതുടങ്ങി. മുഖ്യമന്ത്രിയായി അവരോധിക്കപ്പെട്ട സിദ്ധാർത്ഥറേ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായിനിന്നു മത്സരിക്കേണ്ടതില്ലെന്നു കോൺഗ്രസ് തീരുമാനിച്ചു.

6. "ഇന്ദിരാതരംഗ"ത്തെക്കുറിച്ച് പുറമേക്കെന്തുപറഞ്ഞാലും ജനവികാരം കോൺഗ്രസ്സിന്നെതിരാണെന്നു് പ്രധാനമന്ത്രിയും സഹപ്രവർത്തകരും മനസ്സിലാക്കിയിരുന്നു. "ഇന്ദിര നാടുഭരിച്ചാൽ പാവങ്ങൾക്കൊരു ഗതി"'വരുമെന്നു് പ്രതീക്ഷിച്ച 1971ലെ ഇടക്കാലതെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന്നു വോട്ടുചെയ്യ ജനങ്ങളിൽതന്നെ തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ് തുടൻപോന്ന നയങ്ങളുടെ ഫലമായി അസംതൃപ്തി ആളിപ്പടരുന്നതിൻെറ ചിത്രമാണ് രഹസ്യപൊലീസുപോലും ഗവമ്മെണ്ടിനുനൽകിയതു്. അവരിൽനിന്നുകിട്ടിയ ആദ്യത്തെ റിപ്പോർട്ടുകൊണ്ടു് തൃപ്തിപ്പെടാതെ, കൂടുതൽ നിഷ്കൃഷ്ടമായ ഒരന്വേഷണം നടത്താൻ രഹസ്യപൊലീസ് നിയോഗിക്കപ്പെട്ടു. അതും അനുകൂലമല്ലാത്ത ചിത്രമാണ് നൽകിയതു്.

7. ഈ സന്ദർഭത്തിൽ എന്തുചെയ്യും കമ്യൂണിസ്റ്റ്(മാർക്സിസ്റ്റ്) പാർട്ടിയെ തെരഞ്ഞെടുപ്പിൽ തോൽപിക്കാനും പാർട്ടിയുടെ നേതൃത്വത്തിൽ വളൻവരുന്ന ബഹുജനസംഘടനകളെ തകക്കാനുമുള്ള ഒരു ബൃഹത്പദ്ധതി ആവിഷ്കരിക്കേണ്ടിവന്നു. അതാകട്ടെ, പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ നേരിട്ടുള്ള നേതൃത്വത്തിൽതന്നെ നടക്കുകയും ചെയ്യു. ഈ പദ്ധതിയും അതനുസരിച്ചുള്ള ബലപ്രയോഗങ്ങൾ, കൃത്രിമങ്ങൾ എന്നിവയുമാണ് നേരത്തെ സൂചിപ്പിച്ച അത്ഭുതപ്രതിഭാസങ്ങളുടെ അടിയിലുള്ളതു്.

ബംഗാളിലെ 280 നിയോജകമണ്ഡലങ്ങളിൽ ഓരോന്നിനെയും നിഷ്കൃഷ്ടമായി പരിശോധിച്ച് മൂന്നു് വ്യത്യസ്ത വിഭാഗങ്ങളായിതിരിക്കുകയാണ് ഈ പദ്ധതിയുടെ ആദ്യത്തെ പടി.

സ്ഥിരമായും തുടർച്ചയായും ഇടതുപക്ഷസ്ഥാനാർത്ഥികളെ ജയിപ്പിക്കുന്നതും, തൊഴിലാളിവർഗത്തിൻെറയോ കൃഷിക്കാരുടെയോ

സംഘടിതപ്രസ്ഥാനം വളൻവന്നിട്ടുള്ള പ്രദേശങ്ങളുൾക്കൊള്ളുന്നതുമാണ് ഇതിലൊരു വിഭാഗം.

രണ്ടാംവിഭാഗമാവട്ടെ, ജനാധിപത്യപ്രതിപക്ഷത്തെ സംബന്ധിച്ചേടത്തോളം ഒന്നാം വിഭാഗത്തിൽപ്പെട്ടവയോളം തന്നെ നല്ല ശക്തിദുർഗങ്ങളെന്നു വിളിക്കപ്പെടാൻ കഴിയാത്തവയാണ്; പക്ഷേ, ഇടതുപക്ഷപാർട്ടികൾക്ക് ഗണ്യമായ സ്വാധീനമുള്ള ഈ മണ്ഡലങ്ങളിൽ നടക്കുന്ന വോട്ടെടുപ്പ് തികച്ചും നീതിയുക്തമാണെങ്കിൽ ഇടതുപക്ഷമുന്നണിസ്ഥാനാർത്ഥികൾ ജയിക്കാനിടയുണ്ട്.

ഇതിൽ രണ്ടിൽനിന്നും വ്യത്യസ്തമായി ഇടതുപക്ഷമുന്നണിയുടെ ഘടകപ്പാർട്ടികൾ വളരെയേറെ ദുർബ്ബലമായിട്ടുള്ള മണ്ഡലങ്ങളുണ്ട്; അവ മൂന്നാംവിഭാഗത്തിലുൾപ്പെടും.

ഇതിൽ ഒന്നും രണ്ടും വിഭാഗങ്ങളിൽപെട്ട മണ്ഡലങ്ങളിലെ ഇടതുപക്ഷമുന്നണിസ്ഥാനാർത്ഥികളെപരാജയപ്പെടുത്താനുള്ളമാർഗങ്ങളാരായുകയാണ്''ഇന്ദിരാതരംഗ''പരിപാടിയുടെരണ്ടാമത്തെ പടി.

മൂന്നാംവിഭാഗത്തിൽപ്പെട്ട മണ്ഡലങ്ങളെ സംബന്ധിച്ചേടത്തോളം യാതൊരു പ്രത്യേക നടപടികളും എടുക്കേണ്ടതില്ല; സ്വതന്ത്രവും നീതിപൂർവ്വവുമായ വോട്ടെടുപ്പും വോട്ടെണ്ണലും നടന്നാൽതന്നെ കോൺഗ്രസ്സമുന്നണിസ്ഥാനാർത്ഥികൾ സുഗമമായി ജയിക്കും. അതുകൊണ്ടവിടെ വോട്ടർമാർക്കെതിരായ ബലപ്രയോഗങ്ങളോ മററു കൃത്രിമങ്ങളോ നടത്തേണ്ടതില്ല. അത്തരം മണ്ഡലങ്ങളിലാണ് നേരത്തേ ചൂണ്ടിക്കാണിച്ചതുപോലെ, കോൺഗ്രസ്സമുന്നണിയുടെ വോട്ടുകൾ കുറയുകയും ഇടതുപക്ഷമുന്നണിയുടെതു കൂടുകയും ചെയ്തിട്ടുള്ളതു്. മററു സംസ്ഥാനങ്ങളിൽ ദൃശ്യമായ സവിശേഷതകൾ ഈ മണ്ഡലങ്ങളിലും കാണാമെന്നർത്ഥം:

മററു രണ്ടു വിഭാഗങ്ങളിലുള്ള മണ്ഡലങ്ങൾക്കാണ് മുകളിൽ പരാമർശിക്കപ്പെട്ട ബൃഹത്പദ്ധതി ആവിഷ്കരിക്കപ്പെട്ടതു്. ഇതിലോരോവിഭാഗത്തിന്നും അതാതിന്നു പററിയ പ്രത്യേക പദ്ധതികളാണ് ആവിഷ്കരിച്ച നടപ്പിലാക്കിയതു്.

ഒന്നാംവിഭാഗത്തിൽപ്പെട്ട മണ്ഡലങ്ങളിൽ നഗ്നമായ ബലപ്രയോഗം, വോട്ടർമാരെ വോട്ടുചെയ്യാനനുവദിക്കാതിരിക്കൽ, അതിനുവേണ്ടി വോട്ടെടുപ്പിന്റെ തലേദിവസംതന്നെ ആയുധധാരികളായ ഗുണ്ടകൾ പോളിങ്ബൂത്തുകൾ കൈവശപ്പെടുത്തൽ, ഇടതുപക്ഷമുന്നണിസ്ഥാനാർത്ഥികളുടെ ഏജൻറുമാരെ ബലംപ്രയോഗിച്ച തടഞ്ഞുനിർത്തൽ മുതലായവയെല്ലാം സംഘടിതമായതോതിൽ നടത്തുകയുണ്ടായി. ഇടതുപക്ഷമുന്നണിസ്ഥാനാർത്ഥികൾക്ക് വോട്ടുചെയ്യാനിടയുള്ളവക്ക് ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽനിന്നു വരുന്ന കോൺഗ്രസ് വോട്ടർമാരെപ്പോലും വോട്ടുചെയ്യലിൽനിന്നു വിലക്കിയിരുന്നു.

ആ വോട്ടർമാരുടെയെല്ലാം പേരിൽ മററു വോട്ടർമാർവന്നു വോട്ടു ചെയ്യുകയെന്ന അർത്ഥത്തിൽ കള്ളവോട്ടുപോലും അത്തരം മണ്ഡലങ്ങളിൽ നടക്കുകയുണ്ടായിട്ടില്ല. ആയുധധാരികളായ ഛാത്രപരിഷത്ത്-യുവകോൺഗ്രസ്സ്-ഗുണ്ടകൾ ബൂത്തിനകത്തു കയറി ബാലററുപേപ്പർ ചീന്തിയെടുത്തു കോൺഗ്രസ്സ് മുന്നണി സ്ഥാനാർത്ഥിയുടെ അടയാളത്തിന്മേൽ സീൽ വെക്കുക – ഇതാണ് ഈ മണ്ഡലങ്ങളിൽ നടന്നിട്ടുള്ളതു്.

രണ്ടാം വിഭാഗത്തിൽപ്പെട്ട മണ്ഡലങ്ങളുടെ സ്ഥിതി ഇതിൽ നിന്നു വ്യത്യസ്തമാണ്. അവിടെ വോട്ടെടുപ്പ് കുറെയൊക്കെ നടന്നിട്ടുണ്ട്. മററു സംസ്ഥാനങ്ങളിൽ നടക്കുന്നതുപോലുള്ള കള്ളവോട്ടു മുതലായവയേ നടന്നിട്ടുള്ളു. മററു സംസ്ഥാനങ്ങളിലില്ലാത്ത രീതിയിൽ പലതും നടന്നിട്ടുള്ളതിന്റെ ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

ഇടതുപക്ഷമുന്നണിയുടെ ഘടകകക്ഷികളിലൊന്നാണ് എസ്. യു. സി. അല്ലെങ്കിൽ സോഷ്യലിസ്റ്റ് യൂനിററി സെൻറർ. അവരുടെ സ്ഥാനാർത്ഥികൾ ബാലററുപെട്ടി സീൽവെക്കുന്നതിന്നു ഇതേവരെ (1971-ലെ ഇടക്കാലതെരഞ്ഞെടുപ്പിൽകൂടി) ഉപയോഗിച്ചിരുന്ന സിൽ എസ്. യു. സി. എന്ന മൂന്നു ഇംഗ്ലീഷ് അക്ഷരങ്ങൾ കൊത്തിവെച്ച ഒന്നായിരുന്നു. ഇത്തവണ അതുമാററി. ഓരോ നിയോജകമണ്ഡലത്തിലെയും സ്ഥാനാർത്ഥിയുടെ ഒപ്പോടുകൂടിയ സീൽ അതാതു മണ്ഡലത്തിനു വേണ്ടിയുണ്ടാക്കി. അതാണ് എസ്. യു. സി. സ്ഥാനാർത്ഥികളുടെ ബാലററുപെട്ടി സീൽവെക്കാൻ ഇത്തവണ ഉപയോഗിച്ചിരുന്നതെന്നർത്ഥം. പക്ഷെ, പലസ്ഥലങ്ങളിലും പെട്ടിപൊളിച്ചുനോക്കിയപ്പോൾ എസ്. യു. സി. എന്നീ അക്ഷരങ്ങൾ കൊത്തിയ സീൽ ഉപയോഗിക്കപ്പെട്ടതായി കണ്ടു. ഇതിന്റെ അർത്ഥം വ്യക്തമാണല്ലോ: എസ്. യു. സി. ഉപയോഗിക്കുന്ന സീൽ മാററിയ കഥയറിയാത്ത ചിലർ പെട്ടിപൊളിച്ച് പഴയ സീൽ ഉപയോഗിച്ചിരിക്കുന്നു.

പെട്ടിപൊളിച്ചുനോക്കുമ്പോൾ കാണപ്പെട്ട ബാലററുകടലാസുകളുടെ കാര്യത്തിലും ഒട്ടേറെ വൈജാത്യങ്ങൾകാണാം. ഒരൊററ മണ്ഡലത്തിന്നുതന്നെ വിവിധ വലിപ്പത്തിലുള്ള ബാലററുകടലാസുകൾ, ഒരു മണ്ഡലത്തിലെ പെട്ടിക്കകത്ത് മററു മണ്ഡലങ്ങളിലെ ബാലററുകടലാസുകൾ; ഒരു മണ്ഡലത്തിൽ മത്സരിക്കാത്ത സ്ഥാനാർത്ഥിയുടെ പേരും അടയാളവുമുള്ളതും മത്സരിക്കുന്ന സ്ഥാനാർത്ഥിയുടെതില്ലാത്തതുമായ ബാലററുകടലാസുകൾ - ഇതെല്ലാം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇരുപതും ഇരുപത്തഞ്ചും ബാലററുകടലാസുകൾ മടക്കിയിട്ടതായി കാണുന്നുണ്ട്. ഇതിൽനിന്നെല്ലാം ഒരുകാര്യം വ്യക്തമാവുന്നു: ഒരു വോട്ടറുടെ പേർപറഞ്ഞു മറെറാരാൾ വോട്ടുചെയ്യുക

എന്ന അർത്ഥത്തിലുള്ള കള്ള വോട്ടു മാത്രമല്ല ബാലററുകടലാസ്സ് കൃത്രിമമായി അച്ചടിച്ചു പെട്ടിയിലിടൽ മുതലായവകൂടി നടന്നിട്ടുണ്ട്.

വോട്ടെണ്ണലിലും നഗ്നമായ പല തിരിമറികളും നടന്നിട്ടുണ്ട്. വോട്ടെണ്ണൽ നടക്കുന്നതിനിടക്കുതന്നെ, ഇടതുപക്ഷമുന്നണിസ്ഥാനാർത്ഥിയുടെ വോട്ട് അസാധുവാക്കുന്നതിന്ന് വോട്ടെണ്ണൽ ഉദ്യോഗസ്ഥൻ മറെറാരടയാളത്തിൽ സീൽവെക്കുക; ഇടതുപക്ഷമുന്നണിസ്ഥാനാർത്ഥിക്കുകിട്ടിയ ബാലററുകടലാസുകൾ കോൺഗ്രസുമുന്നണിസ്ഥാനാർത്ഥിയുടെ വോട്ടിൻെറ കൂട്ടത്തിൽ കുത്തിത്തിരുകുക മുതലായ പലതും പലേടത്തും നടന്നിട്ടുണ്ട്. വോട്ടെണ്ണി തിട്ടപ്പെടുത്തിക്കഴിയുമ്പോൾ ഇടതുപക്ഷമുന്നണിസ്ഥാനാർത്ഥി ജയിച്ചതായി കണ്ടിട്ടുപോലും കോൺഗ്രസ്സ്മുന്നണിസ്ഥാനാർത്ഥി ജയിച്ചതായി വോട്ടെണ്ണൽഉദ്യോഗസ്ഥൻ പ്രഖ്യാപിച്ച അനുഭവങ്ങളും ഉണ്ടായിട്ടുണ്ട്.

ഇതെല്ലാം നടത്തുന്നതിൽ ഛാത്രപരിഷത്ത്-യുവകോൺഗ്രസ് പരിഷകളുമായി തികച്ചും സഹകരിക്കുന്നവരെ പോളിംഗ് ഉദ്യോഗസ്ഥന്മാരും വോട്ടെണ്ണൽഉദ്യോഗസ്ഥന്മാരുമായി തെരഞ്ഞെടുക്കാനും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഇതിന്നു കൂട്ടുനിൽക്കാൻ തയ്യാറില്ലാത്ത ഗവമ്മെണ്ടുജീവനക്കാരെ ബോധപൂർവ്വം മാററിനിർത്തുകയും ഉറച്ച മാർക്സിസ്റ്റ്‌വിരുദ്ധരെ താൽക്കാലികഗവമ്മെണ്ടുജീവനക്കാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെല്ലാംവേണ്ട സംഘടിതപ്രവർത്തനം ആസൂത്രണംചെയ്യലായിരുന്നു ബംഗാൾ ഗവർണ്ണരടക്കമുള്ള ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ പ്രധാനജോലി.

ഇത്ര വൻതോതിൽ ബലപ്രയോഗവും കൃത്രിമവും നടത്തുമ്പോൾ സ്വാഭാവികമായി പല പൊരുത്തക്കേടുകളും സംഭവിക്കുമല്ലൊ. അതിവിടെയും നടന്നിട്ടുണ്ട്. ഒരു ബൂത്തിലെ ലിസ്റ്റിൽ ഉൾക്കൊള്ളിക്കപ്പെട്ടിട്ടുള്ളതിനെക്കാളധികം വോട്ടർമാർ വോട്ടു രേഖപ്പെടുത്തിയ ഉദാഹരണങ്ങളുണ്ട്. 90ഉം 95ഉം ശതമാനം വോട്ടർമാർ ആദ്യത്തെ നാലു മണിക്കൂറിനകത്ത് വോട്ടുചെയ്തതായി പ്രഖ്യാപിക്കപ്പെട്ട സംഭവങ്ങളുണ്ട്. ഇതിൽ പലതിലും പ്രകടമാവുന്ന വൈരുദ്ധ്യങ്ങൾ ചൂണ്ടിക്കാണിക്കാൻ മാർക്സിസ്റ്റ് വിരുദ്ധപത്രങ്ങൾപോലും പലപ്പോഴും നിർബ്ബന്ധിക്കപ്പെട്ടിട്ടുണ്ട്.

ചുരുക്കത്തിൽ കറുപ്പിനെ വെളുപ്പും വെളുപ്പിനെ കറുപ്പും ആക്കി മാററുന്ന ഒരു ജാലവിദ്യ പലതരത്തിലായി ഒന്നുംരണ്ടും വിഭാഗങ്ങളിൽ പെട്ട മണ്ഡലങ്ങളിലെല്ലാം നടന്നിട്ടുണ്ട്. (അതു രണ്ടും ചേർന്നാലാകട്ടെ, 200ഓളം മണ്ഡലങ്ങൾ വരികയുംചെയ്യും.)

മൂന്നാം വിഭാഗത്തിൽപെട്ട മണ്ഡലങ്ങളിൽ അതിൻെറ ആവശ്യമുണ്ടായിട്ടില്ല; അതില്ലാതെതന്നെ കോൺഗ്രസ് മുന്നണിക്ക് ജ

യിക്കാൻ കഴിയും. (അബദ്ധത്തിന്നു അങ്ങിനെ ചിലേടങ്ങളിൽ ഇടതുപക്ഷമുന്നണിസ്ഥാനാർത്ഥി വിജയിക്കുകയുണ്ടായി) പക്ഷെ ഈ മൂന്നാം വിഭാഗത്തിൽപെട്ട മണ്ഡലങ്ങളിൽ ഇത്തരം കൃത്രിമങ്ങൾ വൻതോതിൽ നടന്നിട്ടില്ലാത്തതുകൊണ്ടു് അവിടെ ന്യായമായ വോട്ടു നടന്നുവെന്നർത്ഥമില്ല. സംസ്ഥാനത്തിലാകെ പൊതുജനാഭിപ്രായം വികൃതപ്പെടുത്താൻവേണ്ടി ആസൂത്രണംചെയ്യപ്പെട്ട ഒരു പദ്ധതിയുടെ ഭാഗമായാണു് മൂന്നു വിഭാഗങ്ങളിൽപെട്ട മണ്ഡലങ്ങളിൽ മൂന്നു രീതി അവലംബിച്ചതു്.

ഇതെല്ലാമുപയോഗിച്ചു് ബംഗാളിൽ വമ്പിച്ച വോട്ടുവർദ്ധനവുണ്ടായിട്ടും കോൺഗ്രസിനിത്തവണ കിട്ടിയ മൊത്തം വോട്ടിന്റെ ശതമാനം 44.64 മാത്രമാണെന്നോർക്കുമ്പോൾ ബംഗാളിൽ സ്വതന്ത്രവും നീതിപൂർവ്വവുമായ വോട്ടെടുപ്പു നടന്നിരുന്നുവെങ്കിൽ കോൺഗ്രസ്സിന്റെ അഖിലേന്ത്യാ ശതമാനം ഇതിനേക്കാൾ എത്രയോ കുറയുമായിരുന്നുവെന്നതിന്നു സംശയമില്ലല്ലോ. ആദ്യം സൂചിപ്പിച്ചതുപോലെ മറ്റു മിക്ക സംസ്ഥാനങ്ങളിലും വോട്ടിംഗ്ശതമാനം കുറയുകയും ബംഗാളിൽ അതു കൂടുന്നതിനുവേണ്ടി ഇവിടെ പറഞ്ഞ മാർഗങ്ങളംഗീകരിക്കുകയുംചെയ്യേണ്ടിവരികയാണുണ്ടായതെന്നതിൽനിന്നു ''ഇന്ദിരാതരംഗം'' സംബന്ധിച്ച അവകാശവാദത്തിന്റെ പൊള്ളത്തരം വ്യക്തമാവുമല്ലോ.

CHINTHA WEEKLY
TRIVANDRUM-1

# 3. ഇന്നു് ബങ്കാൾ, നാളെ കേരളം, പിന്നെ —?

ബങ്കാളടക്കം പല സംസ്ഥാനങ്ങളിലും നടന്ന തെരഞ്ഞെടുപ്പുകൾക്കു് കേരളത്തിൽ ഉടൻതന്നെ പ്രത്യാഘാതമുണ്ടായി. ഇവിടെയും ''ഇന്ദിരാതരംഗ''ത്തിൻെറ അടിസ്ഥാനത്തിൽ കോൺഗ്രസിൻെറ ഏകകക്ഷിഭരണം പുനഃസ്ഥാപിക്കാൻ കഴിയുമെന്ന പ്രതീക്ഷ കോൺഗ്രസുകാരുടെ ഹൃദയങ്ങളിൽ മൊട്ടിട്ടു; മുസ്ലിംലീഗ് ഒരു ''വർഗീയസംഘടന''യാണെന്ന പുതിയൊരു ബൂദ്ധോദയം അവർക്കുണ്ടായി; ഇന്നല്ലെങ്കിൽ നാളെ തങ്ങൾ പുറംതള്ളപ്പെടുമെന്ന ഭയം ലീഗിനകത്തു പരക്കാൻ തുടങ്ങി.

ഈ പോക്കു് അപകടമാണെന്നു കോൺഗ്രസുകാരിൽത്തന്നെ ഒരു വിഭാഗത്തിന്നു ബോദ്ധ്യമായിരുന്നു. ലീഗിനെ ആക്രമിക്കുകയല്ല, ലീഗടക്കം എല്ലാ സഖ്യകക്ഷികളുമായി കൂടുതൽ ഉറച്ച ബന്ധമുണ്ടാക്കുകയും കേരളകോൺഗ്രസിനെത്തന്നെ വീണ്ടും മുന്നണിയിലേക്കാകർഷിക്കുകയുമാണു് വേണ്ടതെന്ന ഉപദേശം പല കേന്ദ്രങ്ങളിൽനിന്നും അവർക്കു് കിട്ടി.

ഇതിനെ കൂടുതൽ ബലപ്പെടുത്തത്തക്കവണ്ണം പുനലൂർ മുനിസിപ്പാലിററിയിൽ ഒരു തെരഞ്ഞെടുപ്പ് നടന്നു. കോൺഗ്രസിൻെറയും

വലതിൻെറയും സ്വാധീനകേന്ദ്രമായ ആ മുനിസിപ്പാലിററിയിൽ അവരിരുവരും ചേൻ മത്സരിച്ചു ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ലെന്നതു ഉഗ്രമായ ഒരു താക്കീതാണെന്നു അവർ കോൺഗ്രസുകാരെ ഓർമ്മപ്പെടുത്തി.

ഇതിൻെറ അല ദൽഹിയിലും അടിച്ചു. പ്രധാനമന്ത്രി ഇന്ദിരാഗാന്ധി കേരളത്തിലെ യൂത്തുകോൺഗ്രസ്സുകാരെ വിളിച്ചു ശാസിച്ചു അവരിലൊരാളായ വയലാർ രവി എം. പി.യെ ഒരു പ്രത്യേക ദൂതനായി കേരളത്തിലേക്കയച്ചു. കേരള യൂത്തുകോൺഗ്രസ്സിൻെറ പ്രസിഡണ്ടും മററു നേതാക്കന്മാരും പുറപ്പെടുവിച്ച ലീഗുവിരുദ്ധ പ്രസ്താവനകൾ "നിർഭാഗ്യകരമായിപ്പോയെ"ന്നു രവിയും എ. കെ. ആൻറണിയും കൂടിച്ചേൻ ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു.

ഇതിനെത്തുടർന്നു ലീഗും കോൺഗ്രസ്സും തമ്മിലുണ്ടായ "തെററിദ്ധാരണകൾ" തീർക്കാനുള്ള കാര്യമായ ഒരു ശ്രമം അടുത്ത ദിവസങ്ങളിൽ നടക്കാനാണിടയുള്ളതു്. കേരളകോൺഗ്രസ്സുമായും മുമ്പത്തെപ്പോലെ സൗഹൃദബന്ധം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളും നടന്നേക്കും. അങ്ങിനെ പഴയ മാർക്സിസ്റ്റ്വിരുദ്ധമുന്നണി, അന്നത്തെപ്പോലെതന്നെ വ്യാപകമായ തോതിൽ, പുനരുദ്ധരിക്കാൻ കഴിവുള്ളതെല്ലാം ഇവർ ചെയ്യുമെന്നാണു് കരുതേണ്ടതു്.

പക്ഷെ, ഈ ശ്രമങ്ങൾക്കെല്ലാം താല്ക്കാലികമായി എന്തെന്തു വിജയങ്ങളുണ്ടായാലും, അതുകൊണ്ടൊന്നും പ്രശ്നം പരിഹരിക്കപ്പെടുകയില്ലെന്നു കോൺഗ്രസ് നേതാക്കന്മാക്കറിയാം. ദൽഹിയടക്കം പല ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ജനസംഘത്തെ നേരിടണമെങ്കിൽ കേരളത്തിൽ ലീഗുമായുള്ള കൂട്ടുകെട്ടവസാനിപ്പിക്കണം. അക്കാരണത്താലാണു് ഇത്തവണത്തെ നിയമസഭാതെരഞ്ഞെടുപ്പുകൾക്കു്മുമ്പു് "അഖിലേന്ത്യാ മുസ്ലിംലീഗു് ജനസംഘത്തെപോലെതന്നെ ഒരു വർഗീയസംഘടനയാണെ"ന്ന വാദം കോൺഗ്രസ്സുന്നയിച്ചതു്. കേരളത്തിലെ സംസ്ഥാനനേതാക്കന്മാക്കുപോലും കേരളത്തിലെ ലീഗു് വർഗീയമല്ലെന്നും മാർക്സിസ്റ്റുകാരെ ഒഴിച്ചുനിത്താൻ ലീഗുമായി ബന്ധപ്പെടുകയല്ലാതെ മറെറാരു മാർഗവുമില്ലെന്നുംമററും പറയാനേ ഉണ്ടായിരുന്നുള്ളു.

ഇപ്പോഴും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കോൺഗ്രസിൻെറ നിലയുറപ്പിക്കാൻ ഇവിടെ ലീഗുമായുള്ള ബന്ധം മുറിക്കുകതന്നെ വേണം. അപ്പോൾ ഇന്നല്ലെങ്കിൽ നാളെ കേരളത്തിലെ ഭരണമുന്നണി പൊളിയുകതന്നെ ചെയ്യും, പൊളിക്കുന്നതു കോൺഗ്രസ്സിൻെറ ഒരു രാഷ്ട്രീയാവശ്യമാണു്.

കേരള കോൺഗ്രസുമായി വീണ്ടും കൂട്ടുകെട്ടുണ്ടാക്കുകയാണെങ്കിൽ അതും പുതിയ വിഷമപ്രശ്നങ്ങൾ സൃഷ്ടിക്കും. പഴയ കുറുമുന്ന

ണിയും കോൺഗ്രസും തമ്മിൽ അധികാരവിഭജനം സംബന്ധിച്ച് നടന്നതിനേക്കാൾ രൂക്ഷമായ ഏററുമുട്ടലുകൾ കേരളകോൺഗ്രസിൻെറ മന്ത്രിസഭാപ്രവേശനത്തോടെ ഭരണകക്ഷികൾ തമ്മിൽത്തമ്മിൽ പൊട്ടിപ്പുറപ്പെടും. അതിൻെറ ഫലമായി ഒരുവശത്തു ഭരണമുന്നണിയാകെ ശക്തിപ്പെട്ടുവെന്ന പ്രതീതിയുളവാകുമ്പോൾതന്നെ ഭരണമുന്നണിയിൽനിന്നോ അതിൻെറ ഘടകകക്ഷികളിൽ ഓരോന്നിലും നിന്നോ വ്യക്തികളും ഗ്രൂപ്പുകളും അടന്നുവീഴും. അവരും കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയടക്കമുള്ള ഇടതുപക്ഷ രാഷ്ട്രീയപാർട്ടികളുംചേന്ന് സുശക്തമായ ഒരു ജനാധിപത്യപ്രതിപക്ഷം ഉയന്നുവരും.

ഈ സാഹചര്യത്തിൽ സ്വതന്ത്രവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പുനടത്തി കോൺഗ്രസിൻെറ ഏകകക്ഷിമേധാവിത്വം സ്ഥാപിക്കാൻ സാദ്ധ്യമാവുകയില്ല. അതേയവസരത്തിൽ ഇന്നത്തെപോലെ ലീഗിനെ ഉൾപ്പെടുത്തിയും വലതിന്നു അനർഹമായ സ്ഥാനം നൽകിയും കോൺഗ്രസ് ഭരണത്തിൽ തുടരുകയെന്നതു് അവർക്കു സഹിക്കുന്നുമില്ല. അപ്പോൾപിന്നെ ഒരൊററ മാർഗ്ഗമേയുള്ളു: "ബങ്കാൾ മോഡൽ" ഇവിടേയും ആവത്തിക്കുക; ബങ്കാളിൽ ചിലേടങ്ങളിൽ നടത്തിയ നഗ്നമായ ബലപ്രയോഗം, മററു ചിലേടങ്ങളിൽ ചെയ്തതുപോലെ ബാലററുപെട്ടിയുടേയും ബാലററുകടലാസിൻേറയും മററും കാര്യങ്ങളിൽ പല കൃത്രിമങ്ങളും കാണിക്കൽ—ഇതെല്ലാം നടത്തി ഇവിടേയും തെരഞ്ഞെടുപ്പിൽ "ഗംഭീരവിജയം" നേടണം.

ഈ മാർഗം അംഗീകരിക്കുകയാണെങ്കിലൊ, കേരളകോൺഗ്രസിനെ പുറത്തുനിത്തിക്കൊണ്ടുതന്നെ ലീഗിനെ പുറത്താക്കിയാലും വലിയ ആപത്തൊന്നുമില്ല. "മുസ്ലിംലീഗും കേരളാകോൺഗ്രസും പ്രതിനിധാനംചെയ്യുന്ന രണ്ടുതരംവർഗീയതകൾ"ക്കെതിരായ "കരിസ്ത്യുയുദ്ധ"ത്തിലാണ് തങ്ങളേർപ്പെട്ടിട്ടുള്ളതെന്ന അഹങ്കാരത്തോടെ ഏന്തക്രമവും പ്രവത്തിക്കാൻ വേണ്ട മനക്കരുത്തു് കെ. എസ്. യു.-യുത്തുകോൺഗ്രസ് പരിഷകൾക്കു കിട്ടുകയും ചെയ്യും.

ഈ വഴിക്കു നീങ്ങുകയല്ലാതെ കേരളത്തിൽ കോൺഗ്രസിൻെറ ഏകകക്ഷിമേധാവിത്വം പുനഃസ്ഥാപിക്കാൻ സാധ്യമല്ലെന്നു കോൺഗ്രസിനകത്തെ ഒരു കൊച്ചുകുട്ടിക്കുപോലുമറിയാം.

മുസ്ലിംലീഗിൻെറ സഹായമുണ്ടായിട്ടുകൂടി 1970-ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കു കിട്ടിയത്ര (32) സീററുകൾ മാത്രമേ കോൺഗ്രസിന്നു കിട്ടിയുള്ളുവല്ലൊ. ഇക്കഴിഞ്ഞ തൃശ്ശൂർ ഉപതെരഞ്ഞെടുപ്പിലും ഭരണമുന്നണിയുടെ ആകെ പിന്തുണയും കേന്ദ്രമന്ത്രി മുതൽ ഇങ്ങോട്ടു അധികാരശക്തിയുള്ളവരുടെ മുഴവൻ കിണഞ്ഞ പ്രവത്തനവുമുണ്ടായിട്ടും ബങ്കാളിലെ ബാരാനഗറിലും കൽനയിലുമുണ്ടായ ബഹുഭൂരിപക്ഷം വോട്ടൊന്നും കിട്ടാനിടയായില്ല.

നേരായ മാർഗത്തിലൂടെ കോൺഗ്രസിന്നു ഒരൊററ കക്ഷിയെന്ന നിലക്കു വീണ്ടും അധികാരത്തിലെത്താൻ സാധ്യമാവുകയില്ലെന്നു ഇതിൽനിന്നെല്ലാം വ്യക്തമായിക്കഴിഞ്ഞുവല്ലോ. ആ സ്ഥിതിക്കു് കേരളത്തിലും ''ബങ്കാൾ മോഡൽ'' ആവത്തിക്കുകയല്ലാതെ മററൊരു മാർഗവും കോൺഗ്രസിൻെറ മുമ്പിലില്ല.

ഇതു കേരളത്തിൻെറ മാത്രം സ്ഥിതിയാണെന്നു കരുതാനും ന്യായമില്ല.

ഇതിന്നുമുമ്പു ചൂണ്ടിക്കാണിച്ചതുപോലെ, നഗ്നമായ ബലപ്രയോഗവും നിർലജ്ജമായ ബാലററുപെട്ടി-ബാലററു കടലാസ്-വോട്ടെണ്ണൽ കൃത്രിമങ്ങളും നടന്ന ബങ്കാളിലൊഴിച്ച മററെല്ലായിടങ്ങളിലും കോൺഗ്രസിൻെറ വോട്ടു ഒന്നുകിൽ കുറഞ്ഞിരിക്കുന്നു, അല്ലെങ്കിൽ നേരിയ വൎദ്ധനവുമാത്രം ഉണ്ടായിരിക്കുന്നു— ഇതാണ് സ്ഥിതി.

ബംഗ്ലാദേശ് പ്രതിസന്ധിയേയും ഇന്ത്യാ-പാക്കിസ്ഥാൻ യുദ്ധത്തേയും തുടൎന്നു ഒരതിരുവരെ കോൺഗ്രസിന്നനുകൂലമായിത്തീർന്ന കാലാവസ്ഥയിൽപോലും ഇതാണ് സ്ഥിതിയെങ്കിൽ വിലക്കയററവും നികതി വൎദ്ധനവും തൊഴിലില്ലായ്മയുമെല്ലാം അനുദിനം മൂർഛിച്ചുവരുന്ന സമീപഭാവിയിൽ സ്ഥിതിയെന്തായിരിക്കുമെന്നു് ഊഹിക്കാവുന്നതാണ്.

കോൺഗ്രസ്സിന്നു കിട്ടിയ വോട്ടിൽവന്ന ഈ കുറവു് പ്രതിപക്ഷത്തെ പൊതുവിലോ ഇടതുപക്ഷ ജനാധിപത്യശക്തികളെ വിശേഷിച്ചോ ബലപ്പെടുത്തിയിട്ടില്ലെന്നതു് ശരിയാണ്. കോൺഗ്രസിൻെറ ശക്തിദുർഗങ്ങളിലെല്ലാം കോൺഗ്രസിന്നകത്തെ ചേരിപ്പോരാണ് ആ പാർട്ടിയെ ക്ഷീണിപ്പിച്ചതു്; കോൺഗ്രസിൽനിന്നു തെററിപ്പിരിഞ്ഞു സ്വതന്ത്രരായി മത്സരിച്ച കോൺഗ്രസ്സുകാരാണ് ഈ സംസ്ഥാനങ്ങളിലെ മിക്ക നിയോജകമണ്ഡലങ്ങളിലും കോൺഗ്രസിനെ തോല്പിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഇവൎക്കുകിട്ടിയ വോട്ടും സീററുമെല്ലാം കോൺഗ്രസിന്നു് കിട്ടിയതായിതന്നെ ഒരൎത്ഥത്തിൽ കണക്കാക്കാം.

ഈ യാഥാൎത്ഥ്യബോധം ജനാധിപത്യ പ്രതിപക്ഷശക്തികൾക്കുണ്ടാകണമെന്നതിന്നു സംശയമില്ല. അതോടൊപ്പം ''ഇന്ദിരാതരംഗ''ത്തിൻെറതായ ഈ കാലഘട്ടത്തിൽ ആ ''തരംഗ''ത്തെ മുറിച്ചുകടക്കാൻ ഇത്രയേറെ കോൺഗ്രസ്സുകാരുണ്ടായെന്ന വസ്തുതയുടെ രാഷ്ട്രീയ പ്രാധാന്യവും തികച്ചും കണക്കിലെടുക്കേണ്ടിയിരിക്കുന്നു.

കേരളത്തിലും ബങ്കാളിലുംമാത്രമാണ് കോൺഗ്രസിനകത്തെ ശിഥിലീകരണത്തിൻെറ വളർച്ചയിൽനിന്നു സുസംഘടിതമായ ഒരു ജനാധിപത്യപ്രതിപക്ഷത്തെ വളൎത്തിയെടുക്കാൻവേണ്ട ഒരു വിപ്ലവ പാർട്ടി നിലവിലുള്ളതു്. അവിടെ കോൺഗ്രസിൻെറ തകർച്ച

സംഘടിത പ്രതിപക്ഷത്തിൻെറ ഉയർച്ചക്ക് വഴിയൊരുക്കി. മററു കോൺഗ്രസ് സംസ്ഥാനങ്ങളിലാണ് കോൺഗ്രസ്സുകാരുടെ ഇടയി ലെ ചേരിപ്പോരു് നഗ്നരൂപം കൈക്കൊണ്ടതു്. അതുകൊണ്ടു് ഭാവിയിലും കമ്യൂണിസ്റ്റ്(മാർക്സിസ്റ്റ്)പാർട്ടിയോ മററിടതുപക്ഷ പാർട്ടികളോ വളരുന്നതോതിൽ കോൺഗ്രസിനകത്തു് വളൻവരുന്ന ചേരിപ്പോരു് ജനാധിപത്യ പ്രതിപക്ഷത്തിൻെറ വളർച്ചയെതന്നെ സഹായിക്കും.

മാത്രമല്ല, കോൺഗ്രസ്സിനെ വൻതോതിൽ ബാധിച്ച ഈ ശി ഥിലീകരണപ്രവണത ഇല്ലാതാക്കാനല്ല, കൂടുതൽ മൂർച്ഛിക്കാനാണ്, സാധ്യതയുള്ളതു്. ''ഇന്ദിരാതരംഗം'' ഉച്ചകോടിയിലെത്തിയ സന്ദർഭത്തിലാണ് നിയമസഭാസീററു വിഭജനം സംബന്ധിച്ച ഇത്ര യേറെ തക്കമുളവായതു്; ഇത്രയേറെ കോൺഗ്രസ്സുകാർ ഔദ്യോഗിക കോൺഗ്രസിനെ വെല്ലുവിളിക്കാൻ മുതിർന്നതു്. ആ സ്ഥിതിക്ക് പുതിയ മന്ത്രിസഭകളുടെ ഭരണം മുന്നോട്ടുനീങ്ങുമ്പോൾ, സ്വാതന്ത്ര്യ ലബ്ധിക്കുശേഷമുള്ള കോൺഗ്രസ്സിന്നു് തീരാശാപമായി കണക്കാക്ക പ്പെട്ടുപോരുന്ന ഉൾപ്പാർട്ടിവഴക്കുകൾ മൂർച്ഛിക്കുകയെ ഉള്ളൂ. അതി നെത്തുടർന്നുള്ള ശിഥിലീകരണം ഇനിയും കോൺഗ്രസ്സിനെ പിന്തുട രുമെന്നതിൻെറ സൂചനയാണ് ഈ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സി നെ എതിർക്കാൻ ഇത്രയേറെ കോൺഗ്രസ്സുകാർ ഉണ്ടായെന്ന വ സ്തുത.

ഇതിൻെറ പശ്ചാത്തലത്തിൽ ജനസംഘത്തെപ്പോലെ നില വിലുള്ള അഖിലേന്ത്യാ ബൂർഷ്വാ പാർട്ടികളോ, അകാലിദളം, ഡി.എം.കെ. മുതലായപ്രാദേശികപാർട്ടികളോകൂടുതൽശക്തിപ്പെടാൻ എല്ലാ സാദ്ധ്യതകളുമുണ്ടു്. കൂടാതെ, അഖിലേന്ത്യാ നിലവാരത്തി ലോ പ്രാദേശികമായോ പുതിയ രാഷ്ട്രീയപാർട്ടികൾ രൂപംകൊള്ളു കയും ചെയ്യേക്കാം. ഇതോടൊപ്പം, ഇടതുപക്ഷ ജനാധിപത്യപാർട്ടി കളുടെ ശക്തി വർദ്ധിക്കുകകൂടി ചെയ്താൽ അതു കോൺഗ്രസിന്നു് ഒരു വലിയ ഭീഷണിയായിത്തീരും. സ്വാതന്ത്ര്യവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പിലൂടെകോൺഗ്രസ്സിൻെറഏകകക്ഷിഭരണം സ്ഥാപിക്കാ നുള്ള സാഹചര്യം ഇനിയും കുറഞ്ഞുവിരുകയെയുള്ളൂ. അപ്പോൾപി ന്നെ കോൺഗ്രസ്സിൻെറ മുമ്പിൽ രണ്ടിലൊരു മാർഗമേ അവശേഷി ച്ചിട്ടുണ്ടാകുകയുള്ളൂ.

ഒന്നുകിൽ, ഇന്ത്യയിലെ രാഷ്ട്രീയയാഥാർത്ഥ്യം അംഗീകരിച്ച് സ്വാതന്ത്ര്യവും നീതിപൂർവ്വവുമായ തെരഞ്ഞെടുപ്പിലൂടെ ഭൂരിപക്ഷം നേടാൻ കഴിവുള്ള ഏതു പാർട്ടിക്കും സംസ്ഥാനഭരണം നയിക്കാ നുള്ള അവകാശം വാക്കിലും പ്രവൃത്തിയിലും അംഗീകരിക്കുക; അ തിനെതിരായി 1959-ൽ കേരളത്തിൽ സംഘടിപ്പിച്ച ''വിമോചന സമരം'' മുതൽ ഇയ്യിടത്തെ തെരഞ്ഞെടുപ്പിൽ കാണിച്ച ബലപ്ര യോഗവും കൃത്രിമങ്ങളും വരെയുള്ള നടപടികളിൽ കാണിച്ച അസ

ഹിഷ്ണുത അവസാനിപ്പിക്കുക; ചില സംസ്ഥാനങ്ങളിൽ ഇടതുപക്ഷത്തിന്റെയും മററു ചിലേടങ്ങളിൽ വലതുപക്ഷത്തിന്റെയും സ്വഭാവമുള്ള പ്രതിപക്ഷപാർട്ടികൾ അധികാരത്തിൽ വരുന്നതിനെ ഒരു വിധത്തിലും തടയാതിരിക്കുക.

അല്ലെങ്കിൽ, ഇക്കഴിഞ്ഞ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പിൽ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കെതിരായി നടത്തിയ ബലപ്രയോഗവും കാണിച്ച കൃത്രിമങ്ങളും നാളെ കേരളത്തിലും പിന്നെ മററു സംസ്ഥാനങ്ങളിലും വ്യാപകമാക്കുക; അങ്ങിനെ പ്രതിപക്ഷ കക്ഷികൾക്ക് മാത്രമല്ല, സാധാരണ വോട്ടർമാക്കുമുള്ള ജനാധിപത്യാവകാശത്തെ ചവിട്ടിമെതിച്ച് പടിപടിയായി ഫാസിസത്തിലേക്ക് നീങ്ങുക.

ഇതിലേതു് ചെയ്യാനാണ് കോൺഗ്രസ് നേതൃത്വം ഇഷ്ടപ്പെടുകയെന്ന് പറയേണ്ടതില്ലല്ലോ. എന്തുചെയ്തും അധികാരത്തിൽ കടിച്ചുതൂങ്ങി നില്ക്കുകയല്ലാതെ, കയ്യിൽക്കിട്ടിയ അധികാരം വിട്ടൊഴിയുന്ന കാര്യമവർ ചിന്തിക്കുകയേയില്ല. അതിന്നുവേണ്ടി പ്രതിപക്ഷ കക്ഷികളുടെനേരെ മാത്രമല്ല, സ്വന്തം പാർട്ടിക്കകത്തെ അസംതൃപ്ത വ്യക്തികൾക്കും ഗ്രൂപ്പുകൾക്കുമെതിരായിട്ടുപോലും തികച്ചും ജനാധിപത്യ വിരുദ്ധമായ നടപടികളെ തങ്ങളംഗീകരിക്കയുള്ളുവെന്നും അവർ പ്രവൃത്തിമുഖേന തെളിയിച്ചുകഴിഞ്ഞിരിക്കുന്നു.

പക്ഷെ, മററു രാജ്യങ്ങളിലെന്നപോലെ ഇവിടെയും ഭരണമേധാവികൾ ആഗ്രഹിക്കുന്നതും ജനങ്ങൾ അനുവദിക്കുന്നതും രണ്ടും രണ്ടാണ്.

തെരഞ്ഞെടുപ്പിലൂടെ ഇന്ത്യയിലാകമാനം തങ്ങളുടെ ഏകഛത്രാധിപത്യം സ്ഥാപിക്കാനാണ് കോൺഗ്രസ് നേതാക്കന്മാർ ആഗ്രഹിച്ചതു്; അതു് ജനങ്ങൾ പൊളിച്ചുകഴിഞ്ഞു. ഏററവും അനുകൂലമായ സാഹചര്യത്തിൽ നടന്ന തെരഞ്ഞെടുപ്പായിട്ടും, 1957, 1962 എന്നീ വർഷങ്ങളിൽ കിട്ടിയതിനെക്കാൾ കുറഞ്ഞ ശതമാനം വോട്ടാണ് 1971ലെ ''ഗരീബി ഹഠാവോ'' തെരഞ്ഞെടുപ്പിൽ കിട്ടിയതു്. 1972ലാകട്ടെ, 1971ലെതിലും കുറഞ്ഞ വോട്ടാണ് കോൺഗ്രസ്സിന്റെ സ്വാധീനകേന്ദ്രങ്ങളിലെല്ലാം കിട്ടിയതു്. നേരായ ജനാധിപത്യ മാർഗത്തിലൂടെ അധികാരത്തിൽ തുടരുകയെന്ന കോൺഗ്രസ്സ്കാരുടെ ആഗ്രഹം ജനങ്ങൾ പൊളിച്ചുകഴിഞ്ഞുവെന്നർത്ഥം.

ഇപ്പോഴത്തെ ആഗ്രഹം ഇന്ത്യയിലാകെ ''ബങ്കാൾ മോഡൽ'' ആവർത്തിച്ച് കേന്ദ്രത്തിൽ ഏകകക്ഷിമേധാവിത്വം തുടരുകയും സംസ്ഥാനങ്ങളിലെല്ലാം അതു് സ്ഥാപിക്കുകയും ചെയ്യാമെന്നാണ്. അതു് പൊളിക്കാൻ ജനങ്ങൾ, ജനപ്രാതിനിധ്യമുള്ള സംഘടനകളും പാർട്ടികളും, തയ്യാറാകുമോ? ഇതാണ് പ്രശ്നം. അതിന്നു് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി പറയുന്ന ഉത്തരം അടുത്ത അധ്യായത്തിൽ പരിശോധിക്കാം.

# 4. ഫാസിസ്ററ് നീക്കത്തിനെതിരായ ത്രിമുഖാക്രമണം

കോൺഗ്രസ്സിന്റെ ഏകച്ഛത്രാധിപത്യം സ്ഥാപിക്കുന്നതിനു വേണ്ടി ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ നടക്കുന്ന പരിശ്രമങ്ങളുടെ വലിപ്പവും ഹീനസ്വഭാവവുംതന്നെയാണ് ഭരണകക്ഷിയുടെ ഏററവും വലിയ ദൗർബല്യം. എന്തുകൊണ്ടെന്നാൽ, ഇതിന്റെ ഫലമായി ഭരണകക്ഷിക്കെതിരായി അണിനിരക്കുന്ന രാഷ്ട്രീയശക്തികൾ വിപുലീഭവിക്കുന്നു; സാധാരണഗതിയിൽ ഭരണകക്ഷിക്കു പിന്നിൽ അണിനിരക്കാനിടയുള്ളതും അണിനിരക്കാറുള്ളതുമായ രാഷ്ട്രീയശക്തികൾപോലും കോൺഗ്രസ്സിനെതിരായി അണിനിരക്കുന്നു; പൊതുശത്രുവിനെതിരായി യോജിച്ചു പോരാടാൻ കഴിയാത്ത വിവിധ രാഷ്ട്രീയശക്തികൾപോലും താന്താങ്ങളുടെ സ്വന്തം വേദിയിൽനിന്നുകൊണ്ട് ഒരേ ശബ്ദം മുഴക്കി വിവിധ രംഗങ്ങളിൽനിന്നു ഒരേ സമയത്തു കോൺഗ്രസ്സിനെതിരായി ആക്രമണം നടത്തുന്നു.

കഴിഞ്ഞ മൂന്നാഴ്ചക്കാലത്തു വിവിധ പ്രതിപക്ഷപാർട്ടികൾ തെരഞ്ഞെടുപ്പുസംബന്ധിച്ച് അംഗീകരിച്ച പ്രമേയങ്ങളും പുറപ്പെടുവിച്ച പ്രസ്താവനകളും പരിശോധിച്ചാൽ ഇതു വ്യക്തമാവും. ഒരു

കാരണവശാലും, ഒരു സാഹചര്യത്തിലും, ഒരേ കൊടിക്കീഴിൽ അണിനിരക്കാൻ കഴിയാത്ത പാർട്ടികളാണ് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയും ജനസംഘവും. സംഘടനാകോൺഗ്രസ്, ജനസംഘംഎന്നീ പാർട്ടികളുമായി ഐക്യമുന്നണിയുണ്ടാക്കാൻ ഒരുകാലത്തു ശ്രമിച്ച സോഷ്യലിസ്റ്റ്പാർട്ടിയും അന്നുണ്ടായ അനുഭവത്തിൽനിന്നു പാഠം പഠിച്ച് ആ ശ്രമം ഉപേക്ഷിച്ചിരിക്കുകയാണ്; കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുമായി ഐക്യമുണ്ടാക്കാനുള്ള ശ്രമത്തിലേർപ്പെട്ടിരിക്കുകയാണ്. ഈ സ്ഥിതിക്കു ഒരുവശത്തു കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയും സോഷ്യലിസ്റ്റ് പാർട്ടിയും, മറുവശത്തു ജനസംഘവും സംഘടനാകോൺഗ്രസ്സും—ഇവതമ്മിൽ രാഷ്ട്രീയമായി യോജിച്ച പ്രവർത്തനം സംഘടിപ്പിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ല.

പക്ഷെ, തെരഞ്ഞെടുപ്പുഫലം വിലയിരുത്തിക്കൊണ്ട് ഈ നാലു പാർട്ടികളും പുറപ്പെടുവിച്ച പ്രസ്താവനകളിൽ ഒരേ കാര്യം ഊന്നിപറഞ്ഞിട്ടുണ്ട്: ബംഗാൾ, ബീഹാർ, ജമ്മു-കാശ്മീർ എന്നീ മൂന്നു സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിപൂർവ്വവുമായിരുന്നില്ല; തികച്ചും ജനാധിപത്യവിരുദ്ധമായ രീതിയിലാണ് അവിടെ തെരഞ്ഞെടുപ്പ് നടത്തിയത്. ഇതിൽ പ്രതിഷേധിക്കുക. ഇതു മേലിൽ ആവർത്തിക്കാതിരിക്കുന്നതിന്നു തെരഞ്ഞെടുപ്പ് നടത്തുന്നരീതിയും ചട്ടങ്ങളും മാററണമെന്ന പൊതുജനാവശ്യം ഉന്നയിക്കുക. ഇതിൽ ഈ പാർട്ടികൾക്കൊന്നും അഭിപ്രായഭേദമില്ല.

മൗലികമായ സാമ്പത്തിക-രാഷ്ട്രീയ നയങ്ങളുടെ കാര്യത്തിൽ ഇവക്കുള്ള സമീപനവ്യത്യാസം നിമിത്തം ഈ പാർട്ടികളെല്ലാം ചേന്നു യോജിച്ച ഒരു പ്രസ്ഥാനം വളർത്തുന്നതു് വിഷമമാണ്. എങ്കിലും ഇവരടക്കം എല്ലാ കോൺഗ്രസ്സേതരപാർട്ടികൾക്കും കോൺഗ്രസ്സിനകത്തുതന്നെ "തിരുവായക്കെതിർവായ" പുറപ്പെടുവിക്കാൻ ധൈര്യപ്പെടുന്നവക്കും ആപൽക്കരമായ ഒരു നീക്കമാണ് ഭരണകക്ഷിനേതൃത്വത്തിൻെറ ഭാഗത്തുനിന്ന് ഉണ്ടായിട്ടുള്ളതു്. ഈ സ്ഥിതിയിൽ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ കേരള സ്റ്റേററുകമ്മററി അതിൻെറ പ്രസ്താവനയിൽ പറഞ്ഞതുപോലെ, "സംയുക്തമായിട്ടല്ലെങ്കിൽ സമാന്തരമായിട്ടെങ്കിലും" ഭരണകക്ഷിയുടെ ഏകാധിപത്യപ്രവണതക്കെതിരായി പോരാടാൻ ഇവരെല്ലാം പ്രേരിതരാവും. അതിന്നുവേണ്ട പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകാൻ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി തീരുമാനിച്ചിട്ടുണ്ട്.

സ്റ്റേററ്കമ്മററിയുടെയും പിന്നീട് പോളിററ്ബ്യൂറോവിൻെറയും പ്രസ്താവനകളിൽ ഉൾക്കൊണ്ടിട്ടുള്ള ഈ സമീപനവും അതിനെത്തുടന്നു പാർട്ടി നേതൃത്വം എടുത്ത ചില നടപടികളും പിടിച്ചു കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി ജനസംഘത്തെപ്പോലുള്ള

വർഗീയപിന്തിരിപ്പൻ പാർട്ടികളുമായി ഐക്യമുന്നണിയുണ്ടാക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്ന ആരോപണം പാർട്ടിയുടെ ശത്രുക്കൾ ഉന്നയിച്ചിരിക്കുന്നു.

വലതുകമ്യൂണിസ്റ്റ് പാർട്ടിയാണ് ഈ ആരോപണം ഏററവുമധികം തുടർച്ചയായും ശക്തിയായും ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. പക്ഷെ, ഈ പാർട്ടി 1967ൽ അഞ്ചാറുമാസക്കാലം ജനസംഘത്തിന്നു കൂടി പങ്കുള്ള മന്ത്രിസഭകളിൽ (ബീഹാറിലും ഉത്തരപ്രദേശിലും പഞ്ചാബിലും) കഴിഞ്ഞുകൂടിയിട്ടുള്ളവരാണെന്നു നമുക്കെല്ലാമറിയാം; ആ മന്ത്രിസഭകളെത്തന്നെ ഇന്ദിരാഗാന്ധി തൻെറ മറിച്ചിടൽ പ്രക്രിയക്ക് ഇരയാക്കുന്നതുവരെ വലതുകാർ ആ മന്ത്രിസഭയിൽ തുടരുകയും ചെയ്തു.

രാഷ്ട്രീയ കൂട്ടുകെട്ടുകളുടെ കാര്യത്തിൽ ഇത്രവലിയ ചാരിത്ര്യപ്രസംഗക്കാരിയായ ഈ വലതു ശീലാവതിയുടെ ചരിത്രം നാട്ടുകാർക്കറിയാൻ വയ്യാത്തതല്ല. ഒരു ഘട്ടത്തിൽ (1964-65ൽ) ''കോൺഗ്രസ്സിനേക്കാൾ പിന്തിരിപ്പത്തമുള്ള പാർട്ടിക''ളെന്നു വലതുകാരാൽ വിശേഷിപ്പിക്കപ്പെട്ട മുസ്ലിംലീഗും കേരള കോൺഗ്രസും അഞ്ചു കൊല്ലം കഴിഞ്ഞപ്പോഴേക്കു ''പുരോഗമന-ജനാധിപത്യ-സോഷ്യലിസ്റ്റ്'' പാർട്ടികളായി മാറി. 1970 ആഗസ്റ്റ് അവസാനമായപ്പോഴേക്കാകട്ടെ, ഇതിൽ കേരളകോൺഗ്രസ് ''തോട്ടമുടമകളുടെയും കായൽ രാജാക്കന്മാരുടെയും'' പാർട്ടിയായി മാറി. ഏതാനും മാസങ്ങൾക്കകം പാർലമെണ്ട തെരഞ്ഞെടുപ്പ് വന്നപ്പോൾ വീണ്ടും കേരള കോൺഗ്രസ് ''പരിശുദ്ധ സോഷ്യലിസ്റ്റ് പാർട്ടി''യായി രൂപാന്തരം പ്രാപിച്ചു.

അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ഡി. എം. കെ. ഇവരുടെ ദൃഷ്ടിയിൽ ഒരു കാലത്ത് ''സാമ്രാജ്യാധിപത്യത്തിൻെറ ഏജൻറാ''യിരുന്നു. പിന്നീടതു് ഒരു ''ജനാധിപത്യ സോഷ്യലിസ്റ്റ് പാർട്ടി''യായി മാറി. ഇപ്പോഴിതാ വീണ്ടും അതു് ''പിന്തിരിപ്പ''നായി മാറിയിരിക്കുന്നു! എങ്കിലും, ഈ പിന്തിരിപ്പൻ പാർട്ടിയുടെ നേതൃത്വത്തിലുള്ള പുതുശ്ശേരി മന്ത്രിസഭയിൽ ഒരു ''സമയബന്ധിതപരിപാടി''യനുസരിച്ച് വലതൻ മന്ത്രി സുബ്ബയ്യ ''ദേശീയ ജനാധിപത്യ വിപ്ലവ''പരിപാടി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്!!

മുസ്ലിംലീഗിനെ ''പുരോഗമന സോഷ്യലിസ്റ്റ് ചേരി''യിലേക്ക് ''മാർഗ്ഗംകൂട്ടി''യതിൽ പിന്നെ ഇതേവരെ അതിൻെറ സ്വഭാവനിർണ്ണയത്തിൽ യാതൊരു മാററവും വലതുകാർക്ക് വരുത്തേണ്ടി വന്നിട്ടില്ല. പക്ഷെ, യൂത്തുകോൺഗ്രസ് നേതാക്കന്മാർ ഭീഷണിപ്പെടുത്തുന്നതുപോലെ ''മുസ്ലിം വർഗീയതയുടെ പ്രതീക''മായ ആ

പാർട്ടിയെ തഴയാൻ കോൺഗ്രസ് തീരുമാനിക്കുന്ന നിമിഷത്തിൽ വലതിന്റെ നിലപാടും മാറുമെന്നതിന്നു വല്ല സംശയവുമുണ്ടോ? ഡി. എം. കെ. യെ തഴയാൻ കോൺഗ്രസ് തീരുമാനിച്ചപ്പോഴല്ലേ വലതിന്റെ ദൃഷ്ടിയിൽ ഡി. എം. കെ. പിന്തിരിപ്പനായതു്?

വലതുകാർക്കു് മാത്രമല്ല കോൺഗ്രസ്സിന്നും ഒരു വർഗീയപ്പാർട്ടിയായ ജനസംഘവുമായി കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി യോജിക്കുന്നതു് സഹിക്കുന്നില്ല! ഇതു "തത്വദീക്ഷയില്ലാതെ" മാർക്സിസ്റ്റ്കാർ പ്രവർത്തിക്കുന്നുവല്ലോ എന്നാണവർക്കു ഖേദം![ പക്ഷെ, "മാർക്സിസ്റ്റ്കാരെ ഭരണത്തിൽനിന്നകററി നിർത്തുന്നതിന്നുവേണ്ടി" വർഗീയവാദിയെന്നു അവർതന്നെ വിളിക്കുന്ന മുസ്ലിംലീഗുമായി കൂട്ടുകെട്ടുണ്ടാക്കുന്നതു് ഇവരുടെ ദൃഷ്ടിയിൽ തികഞ്ഞ തത്വദീക്ഷയാണുതാനും!!!

ഒരു കൊല്ലംമുമ്പ് ബങ്കാളിൽ ലീഗിന്റെ പങ്കാളിത്തത്തോടെ ഒരു കൂട്ടമന്ത്രിസഭ രൂപീകരിച്ച് ഏതാനും ആഴ്ചക്കാലം കോൺഗ്രസ് ഭരണംനടത്തി. അതേരീതിയിലുള്ള ഒരു കൂട്ടുകക്ഷി ഭരണത്തിൽ ഇന്നും കേരളത്തിൽ ലീഗുമായി സഹകരിച്ചുകൊണ്ടിരിക്കുന്നു; കേരളത്തിൽ ഇന്നുള്ള ഈ സംവിധാനത്തിൽ മാററംവരുത്തണമെന്നാവശ്യപ്പെടുന്ന പ്രസ്താവനകൾ യൂത്തുകോൺഗ്രസ് നേതൃത്വത്തിൽനിന്നുവന്നതു് "നിർഭാഗ്യകരമായി"പ്പോയി എന്നു് ഒരു യൂത്തുകോൺഗ്രസ് എം.പി.യും എം. എൽ. എ.യും സംയുക്തപ്രസ്താവന ഇറക്കിയിരിക്കുന്നു. ഇതെല്ലാം ചെയ്യുന്ന പാർട്ടിയാണ് കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിക്കു് തത്വദീക്ഷയില്ലെന്നു പുലമ്പുന്നതു്.

കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയാകട്ടെ, വലതുകമ്യൂണിസ്റ്റ്കാർ 1967ൽ ബീഹാറിലും ഉത്തരപ്രദേശിലും പഞ്ചാബിലും ചെയ്തതുപോലെ ജനസംഘത്തിന്നു പങ്കുള്ള ഒരു ഐക്യമുന്നണിയിലും കൂട്ടുകക്ഷിഗവമ്മെണ്ടിലും പങ്കുകൊണ്ടിട്ടില്ല. "പൊതുശത്രുവിനെ തോൽപിക്കാ"നെന്നപേരിൽ വലതും കോൺഗ്രസ്സും കേരളത്തിലെ പാലക്കാട്ട് പാർലമെണ്ട് നിയോജകമണ്ഡലത്തിലും ബംഗാളിലെ ബാരാനഗർ നിയമസഭാമണ്ഡലത്തിലും ചെയ്തതുപോലെ, ജനസംഘം സംഘടനാകോൺഗ്രസ് മുതലായ പാർട്ടികളുമായി തെരഞ്ഞെടുപ്പു ധാരണയുണ്ടാക്കിയിട്ടില്ല. "സമാന്തര"മെന്ന പദത്തിന്റെ അർത്ഥവ്യാപ്തിക്കൊത്തവിധം, എത്രദൂരം യാത്രചെയ്താലും ഒന്നിക്കാത്തവിധത്തിൽ ആ പാർട്ടികളൊരുവശത്തും കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി അടക്കമുള്ള ഇടതുപക്ഷ ജനാധിപത്യപാർട്ടികൾ മറുവശത്തുംനിന്നു് ഭരണകക്ഷിയുടെ ഏകാധിപത്യപ്രവണതയെ എതിർക്കുകമാത്രമാണു് ചെയ്യുന്നതു്.

ഇതിൽ "തത്വദീക്ഷയില്ലായ്മ" കാണുന്നവരുടെ ലക്ഷ്യം വ്യക്തമാണ്: കോൺഗ്രസിന്റെ ഏകാധിപത്യപ്രവണതക്ക് ഇഷ്ടംപോലെ വളരാൻ കഴിയണം; "ബംഗാൾ മോഡൽ" എല്ലായിടത്തുമാവർത്തിക്കുന്നതിനു ഒരാളും തടസ്സം നില്ക്കരുത്; കോൺഗ്രസ്സിന്റെ ഏകച്ഛത്രാധിപത്യത്തിനു സഹായകരമാവുന്നേടത്തൊക്കെ, അതിനാവശ്യമായ അളവിൽ ജനസംഘമായോ മുസ്ലീംലീഗായോ സംഘടനാകോൺഗ്രസ്സായോ കൂട്ടുകൂടാൻ വലതിനും കോൺഗ്രസിനും സ്വാതന്ത്ര്യമുണ്ടാവണം; പക്ഷെ, കോൺഗ്രസിന്റെ ഏകാധിപത്യപ്രവണതയെ എതിർക്കുന്ന എന്തെങ്കിലും മുദ്രാവാക്യങ്ങൾ ജനസംഘമോ മുസ്ലിംലീഗോ ഉന്നയിച്ചാൽ ആ "വർഗീയപാർട്ടി"കളുന്നയിക്കുന്നുവെന്ന ഏക കാരണത്താൽ അതിനു പിന്തുണ നൽകാതിരിക്കുന്നതു കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുടെ കടമയാണ്; ആ കടമ നിറവേററാതിരിക്കുന്നതു് പാർട്ടിയുടെ "തത്വദീക്ഷയില്ലായ്മ"യാണ്!

ഇതംഗീകരിക്കാൻ പാർട്ടി തെയ്യാറില്ല. ഏതുഭാഗത്തുനിന്നായാലും, ഭരണകക്ഷിയുടെ ഏകാധിപത്യപ്രവണതക്കെതിരായി ഉയരുന്ന ശബ്ദം ഞങ്ങൾ സ്വാഗതംചെയ്യും. അങ്ങനെ ശബ്ദമുയർത്താൻ പരസ്യമായിതന്നെ ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുമുണ്ട്. എന്നാൽ ഇതു് രാഷ്ട്രീയമായി യോജിച്ച പ്രവർത്തനത്തിന്റെയോ ഐക്യത്തിന്റെയോ നിലയിലേക്ക് ഉയരുകയില്ല. അതിന് മുഖ്യ സാമ്പത്തിക-രാഷ്ട്രീയപ്രശ്നങ്ങളുടെ കാര്യത്തിൽ യോജിപ്പുണ്ടാവണം.

ഈ അടിസ്ഥാനത്തിൽതന്നെ കമ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടിയുമായി യോജിച്ച പ്രവർത്തിക്കാവുന്ന ചില പാർട്ടികളുണ്ട്. ഇടതുപക്ഷ ജനാധിപത്യപാർട്ടികൾ എന്ന പൊതുപേരിൽ അറിയപ്പെടുന്നവയാണവ. സാമ്പത്തിക-രാഷ്ട്രീയപ്രശ്നങ്ങളുടെ കാര്യത്തിൽ ഒരു പൊതുവീക്ഷണം ഈ പാർട്ടികൾ തമ്മിൽ തമ്മിലുള്ളതുകൊണ്ടാണ് മററു ഇടതുപക്ഷ ജനാധിപത്യപാർട്ടികളുടെ ഐക്യമുന്നണി നിലവിൽ വന്നതു്. 1969-ൽ കോൺഗ്രസ് ഭിന്നിച്ചതോടുകൂടി ആ ഐക്യം തകർന്നു ഛിന്നഭിന്നമായിത്തീൎന്നു. അതാണ് ഇക്കാലത്തു് കോൺഗ്രസിനുണ്ടായ ഏററവും വലിയ നേട്ടം.

അതുകൊണ്ട് ഈ പാർട്ടികളുമായി യോജിച്ച പ്രവർത്തനം, ഒരു പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ അവതമ്മിൽ രാഷ്ട്രീയഐക്യം സ്ഥാപിക്കൽ—ഇതു അത്യാവശ്യമായിരിക്കുന്നു. അതിനുള്ള ഒരു അഞ്ചിനപരിപാടിയാണ് പോളിററ്ബ്യൂറൊ അംഗീകരിച്ചിട്ടുള്ളത്. അതു താഴെകൊടുക്കുന്നു:

1. നിഷ്പക്ഷവും നീതിപൂർവ്വകവുമായ തെരഞ്ഞെടുപ്പ് നടത്താൻ പര്യാപ്തമായ സാഹചര്യങ്ങൾ വളർത്തിക്കൊണ്ടുവരികയും

സ്വാതന്ത്ര്യമായ വോട്ടവകാശം രേഖപ്പെടുത്താനുള്ള അവകാശം സംരക്ഷിക്കുകയും ചെയ്യുക.

2. യൂനിയനുകളും സംഘടനകളും രൂപീകരിക്കുവാനുള്ള മൗലികാവകാശം സംരക്ഷിക്കുക. പശ്ചിമബംഗാളിൽ കോൺഗ്രസ്പാർട്ടിയുടെ ഗുണ്ടാസംഘങ്ങൾ, പ്രതിപക്ഷനേതൃത്വത്തിലുള്ള ട്രേഡ്‌യൂനിയനുകളും വിദ്യാർത്ഥിസംഘടനകളും ബലംപ്രയോഗിച്ച് കയ്യടക്കിവെക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഇതു പരമപ്രധാനമായൊരു കടമയാണ്. അത്തരം ട്രേഡ്‌യൂനിയനുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ജോലിനിഷേധിക്കണമെന്നുപോലും അവർ മുതലാളിമാരോട് ആജ്ഞാപിക്കുന്ന സ്ഥിതിയാണിന്നുള്ളത്. മാത്രമല്ല, ഗവമ്മെണ്ടിന്റെ നയങ്ങൾ കണ്ണുംപൂട്ടി അനുസരിക്കുകയും പണിമുടക്കവകാശം ഉപേക്ഷിക്കാൻതയാറാവുകയും ചെയ്യുന്ന ഒരൊററ ദേശീയ ട്രേഡ്‌യൂനിയൻകേന്ദ്രം തൊഴിലാളികളുടെ മേൽ അടിച്ചേല്പിക്കാൻപോലും നീക്കങ്ങളാരംഭിച്ചുകഴിഞ്ഞിരിക്കയാണ്.

3. തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, കൃഷിക്കാർ, ഇടത്തരക്കാർ എന്നീ വിഭാഗങ്ങളുടെയും വിശേഷിച്ച് പട്ടികജാതി-പട്ടികവർഗക്കാരുടെയും ന്യൂനപക്ഷവിഭാഗങ്ങളുടെയും ദൈനംദിന സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയാവശ്യങ്ങൾ സംരക്ഷിക്കുകയും, കുതിച്ചുകയറുന്ന വിലക്കയററം, വർദ്ധിച്ച നികുതിഭാരങ്ങൾ, അഴിമതിനിറഞ്ഞ ഭരണവ്യവസ്ഥ എന്നിവക്കെതിരായ പോരാട്ടം സംഘടിപ്പിക്കുന്നതോടൊപ്പം ഗവമ്മെണ്ടിന്റെ പിൻബലത്തോടുകൂടി ഈ വിഭാഗങ്ങൾക്കെതിരായി സ്ഥാപിതതാല്പര്യക്കാർ നടത്തുന്ന കയ്യേററങ്ങളെ എതിർത്തു പരാജയപ്പെടുത്തുകയും ചെയ്യുക.

4. സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശം സംരക്ഷിക്കുകയും വിപുലപ്പെടുത്താൻ പരിശ്രമിക്കുകയും ചെയ്യുക-

5. അമേരിക്ക തുടങ്ങിയ വിദേശ-സാമ്രാജ്യത്വശക്തികളുടെയും ഇന്ത്യൻ കുത്തകക്കാരുടെയും കടംപിടുത്തത്തിൽനിന്ന് ഇന്ത്യൻ സമ്പദ്ഘടനയെ രക്ഷിക്കുന്നതുമൂലം ഒരു യഥാർത്ഥ സ്വാശ്രയസ്വഭാവമുള്ള സമ്പദ്ഘടന കെട്ടിപ്പടുക്കുക. സാമ്രാജ്യത്വത്തിനും വർണ്ണവിവേചനത്തിനും എതിരായതും ഏഷ്യയിലെ അയൽരാജ്യങ്ങളുമായി സൗഹൃദബന്ധത്തിലധിഷ്ഠിതവുമായ ഒരു സ്വതന്ത്ര വിദേശനയം ഉറപ്പുവരുത്താൻ ഇത്തരമൊരു സാമ്പത്തികനയത്തിനുമാത്രമേ സാധ്യമാകൂ.

ഇതിൽ ആദ്യത്തേതൊഴിച്ച് മറെറാന്നിലും യോജിക്കാൻ കഴിയാത്ത ഒരു പാർട്ടിയാണ് ജനസംഘം എന്ന് വ്യക്തമാണ്. ആദ്യത്തേതും ഒരുപക്ഷെ നാലാമത്തേതും മാത്രം അംഗീകരിക്കാവുന്ന

CHINTHA WEEKLY
TRIVANDRUM-1

മറെറാരു പാർട്ടിയാണ് തമിഴ്നാട്ടിലെ ഡി. എം. കെ. (കേരളത്തിലെ കേരളകോൺഗ്രസ്പോലെ മററു ചില സംസ്ഥാനപാർട്ടികളും ഈ നിലപാടുതന്നെ അംഗീകരിക്കുന്നവയായുണ്ടാകും.) സംഘടനാകോൺഗ്രസിന്നാകട്ടെ, ആദ്യത്തേതൊഴിച്ച് മറെറല്ലാ കാര്യത്തിലും മിക്കവാറും ഭരണകക്ഷിയുടെ നയപരമായ സമീപനംതന്നെയാണ് ഉള്ളത്. അതുകൊണ്ട് ഈ അഞ്ചിനപരിപാടിയിലെ ആദ്യത്തെ ഇനത്തിൻെറ കാര്യത്തിൽ മാത്രമേ ഈ പാർട്ടികൾക്കും ഇടതുപക്ഷ ജനാധിപത്യപാർട്ടികൾക്കും യോജിക്കാൻ കഴിയൂ — അതുതന്നെ സംയുക്തമായിട്ടല്ല, സമാന്തരമായിട്ട് — എന്നു് പാർട്ടി കരുതുന്നു

സോഷ്യലിസ്റ്റ്പാർട്ടി മുതലായ മററു പാർട്ടികളുടെ സ്ഥിതി ഇതല്ല. ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനത്തിൻെറ പൊതുവീക്ഷണത്തിൻെറ സംക്ഷിപ്ത രൂപമാണീ പരിപാടി. അതുകൊണ്ട് ഈ നിർദ്ദിഷ്ട പരിപാടിയുടെ അടിസ്ഥാനത്തിൽ പരസ്പരം ചർച്ചചെയ്ത ഒരു പൊതുപരിപാടി ആവിഷ്കരിക്കാനും ഐക്യമുന്നണി പുനഃസ്ഥാപിക്കാനും കഴിയും.

ഇതിൻെറ ഒരു തുടക്കം ബങ്കാളിൽ നടന്നുകഴിഞ്ഞു. വലതുകമ്യൂണിസ്റ്റ്കാരൊഴിച്ചു പഴയ ഇടതുപക്ഷപ്രസ്ഥാനത്തിൻെറ ഭാഗമായിരുന്ന പാർട്ടികളെല്ലാം ഈയിടത്തെ തെരഞ്ഞെടുപ്പിനുമുമ്പു തകർന്നുപോയ തങ്ങളുടെ ഐക്യം പുനഃസ്ഥാപിക്കുകയുണ്ടായി. തെരഞ്ഞെടുപ്പുപ്രവർത്തനത്തിനിടക്ക് ക്രമാനുഗതമായി വളർന്ന ശക്തിപ്പെട്ട ആ ഐക്യം തെരഞ്ഞെടുപ്പിനുശേഷവും തുടരുകയാണ്.

കേരളത്തിലും ഇടതുപക്ഷ ഐക്യം പുനഃസ്ഥാപിക്കാനുള്ള ആദ്യനീക്കം തുടങ്ങിക്കഴിഞ്ഞു. അഖിലേന്ത്യാ നിലവാരത്തിൽതന്നെ ഇതു് വ്യാപിക്കാനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. ആ സാദ്ധ്യതയുപയോഗിച്ച് ഇടതുപക്ഷ ഐക്യം സ്ഥാപിക്കുന്നതു് ഏകാധിപത്യപ്രവണതക്കെതിരായി എല്ലാ പ്രതിപക്ഷപാർട്ടികളും ''സംയുക്തമായിട്ടല്ലെങ്കിൽ സമാന്തരമായിട്ടെങ്കിലും'' ശബ്ദമുയർത്തുകയും പോരാടുകയും ചെയ്യുന്നതുപോലെതന്നെ പ്രധാനമാണ്.

ഇടതുപക്ഷമുന്നണി പുനഃസ്ഥാപിക്കുമ്പോൾ അതിൽ വലതുകമ്യൂണിസ്റ്റ്പാർട്ടിക്ക് സ്ഥാനമുണ്ടായിരിക്കുമോ?

അവരുടെ അംഗീകൃതമായ രാഷ്ട്രീയനയവും അണികളുടെ ആത്മനിഷ്ഠമായ ആഗ്രഹവും മാത്രമെടുത്താൽ അവക്കും മുന്നണിയിൽ സ്ഥാനമുണ്ടാകേണ്ടതാണ്. എന്തുകൊണ്ടെന്നാൽ, വിദേശീയ കുത്തകക്കാർ, നാടൻ നിക്ഷിപ്തതാല്പര്യക്കാർ എന്നിവർക്കെതിരായ സമരത്തിൻെറതാണു അവരുടെ പ്രഖ്യാപിതനയവും അണികളുടെ വികാ

രവും. അതുമായി പൊരുത്തപ്പെട്ടുപോകണമെങ്കിൽ കമ്യൂണ
(മാർക്സിസ്റ്റ്) പാർട്ടിക്കെതിരായി കോൺഗ്രസ്സുമായി കൂട്ടു
യെന്ന സമീപനമുപേക്ഷിച്ച് കോൺഗ്രസ്സിന്നെതിരായി കമ്യൂ
(മാർക്സിസ്റ്റ്) പാർട്ടി അടക്കമുള്ള ഇടതുപക്ഷ ജനാധിപത്യ
മായി യോജിച്ചു പ്രവർത്തിക്കുകതന്നെ വേണം.

പക്ഷെ വലതുകമ്യൂണിസ്റ്റ് നേതൃത്വം ഇതിനു കടകവിരു
യാണ് പ്രവർത്തിക്കുന്നതു്. അവരതിൽനിന്നു വിട്ടുമാറുന്ന യാതൊ
ലക്ഷണവുമില്ല. നേരെമറിച്ച്, തങ്ങളുടെ നയത്തിന്റെ
രത്തം എത്രയേറെ വെളിപ്പെടുന്നുവോ അത്രയേറെ കോൺഗ്രസ്സ
അടുക്കാനാണവർ ശ്രമിക്കുന്നതു്; അതിൽനിന്നു പല സ്വാർത്ഥല
ങ്ങളും അവർക്ക് വ്യക്തിപരമായി നേടാനുമുണ്ടു്. അതുകൊ
തങ്ങളുടെ നേതൃത്വം തുടർന്നുപോരുന്ന വഞ്ചനാപരവും ആത്മഹത്യ
രവുമായ നയത്തെ എതിർത്തു ഇടതുപക്ഷമുന്നണിയിൽ ചേരാൻ
തുകമ്യൂണിസ്റ്റുകളോടഭ്യർത്ഥിക്കുകയാണ് പോളിററ്ബ്യൂ
ചെയ്യുന്നതു്.

ഭരണകക്ഷിയുടെ ഏകാധിപത്യപ്രവണതക്കെതിരായ
ത്തിലെ മുഖ്യഘടകം തങ്ങളുടെ നിത്യജീവിതപ്രശ്നങ്ങളെ
മാക്കി തൊഴിലാളി-കർഷകാദി ബഹുജനങ്ങൾ നടത്തുന്ന പ്ര
സമരങ്ങളാണെന്നകാര്യം ഒരിക്കലും വിസ്മരിച്ചുകൂടാ. കമ്യൂ
(മാർക്സിസ്റ്റ്) പാർട്ടി അടക്കമുള്ള ഇടതുപക്ഷജനാധിപത്യ
കൾക്കും മററെല്ലാ പ്രതിപക്ഷശക്തികൾക്കുമെതിരായി ക്രൂ
ആക്രമണം അഴിച്ചുവിട്ട് കോൺഗ്രസിന്റെ ഏകച്ഛത്രാധി
സ്ഥാപിക്കാൻ ശ്രമിക്കുന്നതുതന്നെ, തൊഴിലാളി-കർഷകാ
നങ്ങളുടെ നേരെ കോൺഗ്രസ് ഗവമ്മെണ്ട് നടത്തിക്കൊണ്ടി
ക്രൂരമായ ആക്രമണം ഇതിലുംകൂടുതൽ ക്രൂരമാക്കാൻ വേണ്ട
ചര്യം സൃഷ്ടിക്കുന്നതിന്നാണ്. വിലക്കയററം, നികുതി
തൊഴിലില്ലായ്മ മുതലായവക്കെതിരായി അലയടിച്ചുയർന്നു
ബഹുജനപ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിനുവേണ്ടിയാണ് പ്ര
ക്ഷപാർട്ടികളെയെല്ലാം തകർത്തു കോൺഗ്രസിന്റെ ഏകകക്ഷി
വിത്വം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലുമെല്ലാം സ്ഥാപി
എന്നു വൃത്തികെട്ടമാർഗങ്ങളും ഭരണകക്ഷിനേതൃത്വം അ
രിക്കുന്നതു്.

അതുകൊണ്ടു് ഏതു് പ്രതിപക്ഷപാർട്ടിക്കെതിരായും
ചെറിയ ജനാധിപത്യവിരുദ്ധനീക്കം ഭരണകക്ഷിയുടെ ഭാഗ
ന്നുണ്ടായാലും, അതു് തങ്ങളുടെ ജീവിതത്തിന്നെതിരായ ശത്രു
ആക്രമണത്തിന്റെ ഭാഗമാണെന്നു മനസ്സിലാക്കി അതിനെതിര
അണിനിരക്കാൻ തൊഴിലാളി-കർഷകാദി ബഹുജനങ്ങൾ ത

13329

ണ്ടിയിരിക്കുന്നു. അതുകൊണ്ടാണ് പോളിററ്ബ്യൂറോ അംഗീ ിച്ചിട്ടുള്ള അഞ്ചിനപരിപാടിയിൽ രണ്ടും മൂന്നും ഇനങ്ങൾ ഉൾ ാള്ളിച്ചിട്ടുള്ളത്. പണിമുടക്കിന് മൊറട്ടോറിയം പ്രഖ്യാപി ്; ജീവിതച്ചെലവ് എത്രവർദ്ധിച്ചാലും ജീവനക്കാരുടെ വരു നം വർദ്ധിക്കരുതെന്നവാശി, ഭരണകക്ഷിയുടെ താളത്തിനൊത്തു ുള്ളുന്നവയല്ലാത്ത എല്ലാ ബഹുജനസംഘടനകളേയും തകർക്കൽ— ുതിനെല്ലാം എതിരായി തൊഴിലാളിവർഗ്ഗഐക്യം സ്ഥാപിക്കു ന്നതും മററു ബഹുജനപ്രസ്ഥാനങ്ങൾ അതാതിന്റെ ജീവിതപ്രശ്ന ങ്ങളെ ആസ്പദമാക്കി യോജിച്ച പ്രക്ഷോഭസമരങ്ങൾ നടത്തുന്നതും തെ ഞ്ഞെടുപ്പുരംഗത്തെ അക്രമങ്ങൾക്കെതിരായ പ്രസ്ഥാനങ്ങൾ വളർത്തുന്ന പോലെതന്നെ പ്രധാനമാണ്.

ചുരുക്കത്തിൽ, ദൈനംദിന ജീവിതപ്രശ്നങ്ങളെ ആസ്പദ ാക്കിയ ബഹുജനപ്രസ്ഥാനവും പ്രക്ഷോഭസമരങ്ങളും സംഘടിപ്പി ക്കുക, ഈ പ്രക്ഷോഭസമരങ്ങളെയും ജനാധിപത്യാവകാശങ്ങൾ ംരക്ഷിക്കുന്നതിനുള്ള രാഷ്ട്രീയസമരത്തെയും ശക്തിപ്പെടുത്തുന്ന ിന് ഇടതുപക്ഷ ജനാധിപത്യശക്തികളുടെ ഐക്യം ഊട്ടിയുറപ്പി ക, ഈ രണ്ടിലും പങ്കുകൊള്ളാൻ കഴിയാത്ത മററു പ്രതിപക്ഷ ക്തികൾ ഏകാധിപത്യ പ്രവണതക്കെതിരായി നീങ്ങുന്നതിന് ായവും പ്രോത്സാഹനവും കൊടുക്കുക— ഈ മൂന്ന് ഘടകങ്ങളും ാള്ളുന്ന ഒരു സമീപനമാണ് കമ്മ്യൂണിസ്റ്റ്(മാർക്സിസ്റ്റ്)പാർട്ടി ഗീകരിക്കുന്നത്. ഇതുമൂന്നും വളർത്തിയെടുക്കുകയും അവയെ കാപിപ്പിക്കുകയും ചെയ്തു, ഭരണകക്ഷിയുടെ ഫാസിസ്റ്റ്നീക്ക ന്നതിരായി ഒരു ത്രിമുഖാക്രമണം സംഘടിപ്പിച്ചാൽ ഭരണ യുടെ നീക്കത്തെ പരാജയപ്പെടുത്താൻ കഴിയുമെന്നു പാർട്ടിക്കു ണ്ടുതാനും.

## ശുദ്ധിപത്രം

| പേജ് | വരി | തെററ് | ശരി |
|---|---|---|---|
| 8 | 12 | 70 ശ. മാ | 71 ശ. മാ |
| 5 | 1 | ഇരട്ടിയിൽ കൂടുതൽ | ഇരട്ടിയോടടുത്തു് |

1972 April 0.30 Ps.

CHINTHA WEEKLY
TRIVANDRUM-1

PC Library & Research Center

ദേശാഭിമാനി പ്രസ്, കോൺവെന്റ് റോഡ് കോഴിക്കോട്-1.